മി. സ്പീക്കർ: ഓർഡർ...ഓർഡർ.......ചോദ്യം നമ്പർ *31

നക്ഷത്രചിഹ്നമിട്ട 31-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 35-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. രാജു എബ്രഹാം നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

ട്രാൻസ്ഗ്രിഡ് പദ്ധതി

1 (*31) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട് ലൈൻസ് പാക്കേജിൽ എസ്റ്റിമേറ്റ് തുകയുടെ അമ്പത്തിനാല് ശതമാനം അധിക തുകയ്ക്ക് ഒരു സ്വകാര്യ കമ്പനിക്ക് കരാർ നൽകിയതിന്റെ കാരണം വിശദമാക്കാമോ?

(ബി) മത്സരാധിഷ്ഠിത ടെൻഡറുകളിൽ സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാണോ കോലത്തുനാട്

ലൈൻസ് പാക്കേജിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

(സി) കോലത്തുനാട് ലൈൻസ് പാക്കേജിന്റെ നടത്തിപ്പിനായുള്ള ടെണ്ടറിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തിരുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത ഏതു കമ്പനിക്കാണ് കരാർ നൽകിയതെന്ന് വിശദമാക്കാമോ; പ്രസ്തുത കമ്പനിക്ക് കരാർ നൽകാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) കോലത്തുനാട് ലൈൻ പാക്കേജിന്റെ ദർഘാസ് നടപടികൾ കേന്ദ്ര സർക്കാർ നവരത്ന പൊതുമേഖല കമ്പനിയായ ആർ.ഇ.സി ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡിനെ ബിഡ് പ്രോസസ്സ് കോർഡിനേറ്റർ എന്ന നിലയിൽ ചുമതലപ്പെടുത്താൻ വൈദ്യുതി ബോർഡ് തീരുമാനിക്കുകയുണ്ടായി. ഇ - ഓപ്പൺ ടെണ്ടർ രീതിയിൽ ഐറ്റം റേറ്റുകൾ വെളിപ്പെടുത്താതെ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതിനുശേഷം ഇ-റിവേഴ്സ്

ആക്ഷനം നടത്തി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന കമ്പനിക്ക് പ്രവൃത്തിയുടെ കരാർ നൽകുന്ന രീതിയിലാണ് ദർഘാസ് നടപടികൾ ക്രമീകരിച്ചിരിക്കുന്നത്.

ഇപ്രകാരം കോലത്തുനാട് ലൈൻ പാക്കേജിന്റെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിക്ക് കരാർ നൽകുന്നതിനുള്ള ശിപാർശ ദർഘാസിന് ചുമതലപ്പെടുത്തിയിരുന്ന ആർ.ഇ.സി ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് വൈദ്യുതി ബോർഡിന് നൽകിയിരുന്നു. ശിപാർശ ചെയ്ത തുകയിന്മേൽ വൈദ്യുതി ബോർഡ് വീണ്ടും നെഗോഷ്യേഷൻ നടത്തിയതനുസരിച്ച് കമ്പനി തുക വീണ്ടും കുറയ്ക്കാൻ തയ്യാറായി. ഇപ്രകാരം കുറച്ച് നൽകിയ തുകയ്ക്കാണ് വൈദ്യുതി ബോർഡ് കമ്പോളനിരക്കുകളുമായുള്ള താരതമ്യങ്ങൾക്കുശേഷം കരാർ നൽകിയിട്ടുള്ളത്.

സമീപകാലത്തെ പ്രസരണ കരാറുകളിൽ ശരാശരി 40-50% വർദ്ധന മാർക്കറ്റ് സാഹചര്യത്തിൽ ഉണ്ടായിട്ടുള്ളതും വർദ്ധിപ്പിച്ച 7 വർഷത്തെ വാറണ്ടി ട്രാൻസ്ഗ്രിഡിൽ ആവശ്യപ്പെട്ടതുകൊണ്ടും ലഭിച്ച കുറഞ്ഞ മത്സര നിരക്ക് കൂടുതലായി കാണുന്നില്ല. നിർദ്ദിഷ്ട ഓപ്പൺ ഇ-റിവേഴ്സ് ബിഡ്ഡിംഗ് രീതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവശ്യപ്പെട്ട നിലവാരവും ദീർഘിപ്പിച്ച പെർഫോമൻസ് വാറണ്ടിയും നൽകി ഏറ്റവും കുറഞ്ഞ

നിരക്കിൽ ക്വാട്ട് ചെയ്ത കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി നിയമപ്രകാരവും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ചും ബാധകമായിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ചിട്ടാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) കോലത്തുനാട് ലൈൻ പാക്കേജിന്റെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കമ്പനികൾ താഴെ പറയുന്നവയാണ്.

1. എൽ &റ്റി ഇന്ത്യ ലിമിറ്റഡ്
2. സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ്
3. ട്രാൻസ് റെയിൽ ലൈറ്റിംഗ് ലിമിറ്റഡ്

(ഡി) ഏറ്റവും കുറഞ്ഞ നിരക്ക് നൽകിയ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിക്കാണ് കോലത്തുനാട് ലൈൻ പാക്കേജിന്റെ കരാർ നൽകിയിട്ടുള്ളത്. മത്സരാധിഷ്ഠിത ടെണ്ടറിന്റെ നിർദ്ദിഷ്ട നിയമക്രമമനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്.

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ പ്രാധാന്യം

2 (*35) ശ്രീ. രാജു എബ്രഹാം:
ശ്രീ. എം. സ്വരാജ്:
ശ്രീ. ഡി. കെ. മുരളി :

ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും കിഫ്ബി സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള പതിനായിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) 2005-ൽ ആരംഭിച്ചതും മുൻസർക്കാരിന്റെ കാലത്ത് നിശ്ചലമായതുമായ കൂടംകുളത്തുനിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള 400 കെ.വി. ലൈൻ നിർമ്മാണം ഈ സർക്കാർ 2016-ൽ പുനരാരംഭിച്ച് വിജയകരമായി പൂർത്തിയാക്കിയതിനെത്തുടർന്ന് തങ്ങളുടെ ഭരണകാലത്തെ അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും മറയിടുന്നതിന് നടത്തുന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ആവശ്യമായ വൈദ്യുതിയുടെ എഴുപത് ശതമാനവും സംസ്ഥാനത്തിന് പുറത്തുനിന്നെത്തിക്കേണ്ട സാഹചര്യത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ പ്രാധാന്യം അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) സംസ്ഥാനത്തെ പ്രസരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണ്

ട്രാൻസ്ഗ്രിഡ് 2.0. ആഭ്യന്തര ഉത്പാദനംവഴിയും പുറമെനിന്നുള്ള ഇറക്കുമതിയിലൂടെയും ലഭ്യമാകുന്ന വൈദ്യുതി പ്രസരണനഷ്ടം കുറച്ച് കാര്യക്ഷമവും തടസ്സരഹിതവുമായി ആവശ്യമായ വോൾട്ടേജ് നിലവാരത്തിൽ തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണിത്. ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രവൃത്തികളാണ് വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പാക്കുന്ന 6375 കോടി രൂപയുടെ പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസനനിധിയായ കിഫ്ബിയിൽനിന്നുമാണ് ലഭ്യമാക്കുന്നത്. ഇതിൽ 5200 കോടി മുതൽമുടക്കുള്ള പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF-ൽ നിന്നും ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായ രണ്ട് പ്രവൃത്തികൾക്ക് 400 കോടി രൂപയുടെ സഹായവും നേടിയെടുക്കാനായിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പ്രത്യേക നിരീക്ഷണത്തിൽ നിർമ്മാണം

പൂർത്തിയാക്കി കമ്മീഷൻ ചെയ്ത തിരുനെൽവേലി-മാടക്കത്തറ 400 കെ.വി. പ്രസരണ ഇടനാഴിയുടെയും നിർമ്മാണം പുരോഗമിക്കുന്ന പുഗലൂർ-മാടക്കത്തറ HVDC ലൈനിന്റെയും പൂർണ്ണമായ പ്രയോജനം ലഭ്യമാകുന്നതിന് ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ വേഗത്തിലുള്ള പൂർത്തീകരണം അനിവാര്യമാണ്. ആദ്യ രണ്ടുഘട്ടങ്ങളിലായി മൂന്ന് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇരുപത്തിമൂന്ന് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ, വിവിധ വോൾട്ടേജ് 4390 സർക്യൂട്ട് കി.മി. പ്രചരണ ലൈനുകളുടെ നിർമ്മാണവും ഈ ഘട്ടങ്ങളിൽ പൂർത്തീകരിക്കും. പദ്ധതിയുടെ ഒന്നാം ഘട്ടം 2021 മാർച്ചിലും രണ്ടാം ഘട്ടം 2024-ലും പൂർത്തിയാകും.

പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവൃത്തികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. 2019 സെപ്റ്റംബർ വരെയുള്ള കണക്കനുസരിച്ച് ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ വിവിധ പ്രവൃത്തികൾക്കായി 436.54 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രദേശവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് ഏറെ നാളായി മുടങ്ങിക്കിടന്നിരുന്ന കൂടംകുളത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള 400 കെ.വി. ലൈനിന്റെ നിർമ്മാണം നിലവിലുള്ള

സർക്കാർ അധികാരമേറ്റതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് അവലോകനം ചെയ്യുകയും പുനരാരംഭിക്കുകയും ചെയ്തു. പുതുക്കിയ നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചും തർക്കങ്ങളിൽ സമയോചിതമായി ഇടപെട്ടും സർക്കാർ നടത്തിയ സജീവമായ തുടർപ്രവർത്തനങ്ങളുടെ ഫലമായി പ്രസ്തുത ലൈനിന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയാക്കി 2019 സെപ്തംബർ 25-ന് ചാർജ്ജ് ചെയ്തു. ഈ പദ്ധതിയുടെ പൂർത്തീകരണം സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് നേട്ടമാണ്.

(സി) സംസ്ഥാനത്തിന്റെ ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം അനിവാര്യമാണ്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്കുപുറമെ ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയും വിവിധ പ്രദേശങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ശക്തമായ പ്രസരണശൃംഖല ആവശ്യമാണ്. ശക്തമായ പ്രസരണ ശൃംഖലയുടെ അഭാവത്തിൽ സംസ്ഥാനത്തിന്റെ ഇറക്കുമതിശേഷിയിൽ പലപ്പോഴും നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. നിലവിൽ അത്തരം സന്ദർഭങ്ങളിൽ സംസ്ഥാനത്തിനകത്തെ വൈദ്യുതി

ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക മാത്രമാണ് പോംവഴി. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതോടുകൂടി സംസ്ഥാനത്തിന്റെ ഇറക്കുമതിശേഷി ഇപ്പോഴുള്ള 2900 MW-ൽ നിന്നും ഏകദേശം 5400 MW ആയി വർദ്ധിക്കും. അധിക ആഭ്യന്തര ഉല്പാദനത്തിനുള്ള സാധ്യതകൾ വിരളമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇറക്കുമതി ശേഷിയിലെ വർദ്ധനവ് സംസ്ഥാനത്തിന്റെ ഭാവി വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും ഒരു മുൻ ഉപാധിയാണ്. എല്ലാറ്റിനുമുപരി, ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ പ്രസരണ നഷ്ടത്തിൽ 107.8 MV-ന്റെ കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം ശരാശരി 522 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകുമെന്നും കണക്കാക്കിയിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി <u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കേരളം കണ്ട ഏറ്റവും വലിയ ക്രമക്കേടുകളിലൊന്നായി ചരിത്രം രേഖപ്പെടുത്താൻ പോകുന്ന ഒരു ഇടപാടാണ് കോലത്തുനാട് പദ്ധതിയുമായി ബന്ധപ്പെട്ട ട്രാൻസ്ഗ്രിഡ് പ്രോജക്ടിൽ നടന്നിട്ടുള്ളത്. കെ.എസ്.ഇ.ബി.

എൽ. ഒരു റേറ്റ് നിശ്ചയിച്ച് അതിന് ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും വാങ്ങി ആ റേറ്റിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അതനുസരിച്ച് 150 കോടി രൂപയ്ക്ക് തയ്യാറാക്കേണ്ട പ്രോജക്ടായിരുന്നു ഇത്. എന്നാൽ ഇലക്ട്രിസിറ്റി ബോർഡിലെ സ്പെഷ്യൽ എഞ്ചിനീയറുടെ ചുമതലയിൽ 150 കോടി രൂപയുടെ ഈ പ്രോജക്ട് ഏകദേശം 60-70% എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച് 240 കോടി രൂപയുടെ പ്രോജക്ടാക്കി മാറ്റി. അതിനുശേഷം പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറിൽ കർശനമായി വ്യവസ്ഥകൾ എഴുതിച്ചേർത്ത് കേരളത്തിലെ പ്രധാനപ്പെട്ട കമ്പനികളെയെല്ലാം ഒഴിവാക്കി മൂന്നുനാല് കമ്പനികൾ മാത്രം ബാക്കിയായി. ഈ മൂന്നുനാല് കമ്പനികൾ cartel ഫോം ചെയ്ത് വീണ്ടും എഴുപത് ശതമാനത്തോളം ടെണ്ടർ തുക ഉയർത്തി. 150 കോടി രൂപയ്ക്ക് നടത്തേണ്ട പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 240 കോടി രൂപയായി. അതുവീണ്ടും ടെണ്ടർ ചെയ്തപ്പോൾ 372 കോടി രൂപയ്ക്കാണ് വർക്ക് അവാർഡ് ചെയ്തത്. അവർ വീണ്ടും ടെണ്ടർ തുക ഉയർത്തി. അങ്ങനെ 150 കോടി രൂപയ്ക്ക് നടത്തേണ്ട ഈ പദ്ധതി 222 കോടി രൂപ സംസ്ഥാന സർക്കാരിന് നഷ്ടം വരുത്തിക്കൊണ്ട് 372 കോടി രൂപയ്ക്കാണ് വർക്ക് അവാർഡ് ചെയ്തതെന്നുള്ള കാര്യം ബഹുമാനപ്പെട്ട സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. കേന്ദ്ര നവരത്ന കമ്പനികളുടെ ശിപാർശയും ഇടപെടലും ഈ പ്രശ്നങ്ങളിൽ ഉണ്ടായിട്ടുണ്ടെന്ന് ഞാനിവിടെ വിശദീകരിച്ച ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കാരണം എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കാണാൻ കഴിയാത്ത ചെലവുകൾ പദ്ധതി നടപ്പിലാക്കുമ്പോൾ വരുമെന്നുള്ളതുകൊണ്ട് പല കമ്പനികളും പലപ്പോഴും എസ്റ്റിമേറ്റ് സംഖ്യകഴിഞ്ഞും കൂടുതൽ തുക ക്വാട്ട് ചെയ്യുകയെന്ന മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടെന്ന് ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും. ഇതും അങ്ങനെതന്നെയാണ് സംഭവിച്ചിരിക്കുന്നത്. അവരുമായി നെഗോസിയേഷൻ ചെയ്ത് വീണ്ടും കുറവുചെയ്തെന്നുള്ള കാര്യവും പരിഗണിക്കേണ്ടതുണ്ട്. വൈദ്യുതി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ വിവിധ തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തത്തോടുകൂടി വിശദമായ പഠനത്തിന് വിധേയമായി മാത്രമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന കാര്യവും ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് ഇതിലിപ്പോൾ ദുരാരോപണം ഉന്നയിക്കുന്നതിൽ അടിസ്ഥാനപരമായൊരു കാര്യവുമില്ല. എസ്റ്റിമേറ്റ്

റിവൈസ് ചെയ്യുന്നത് ഇതിനുമുമ്പും നടന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിഴിഞ്ഞം 66 KV ലൈൻ 220 KV ആയി അപ്ഗ്രേഡ് ചെയ്തു. ചെമ്മനാട്ടുകര - പരപ്പനങ്ങാടി ലൈൻ 54 ശതമാനം റിവൈസ് ചെയ്തിട്ടുണ്ട്. വിഴിഞ്ഞം 66KV ലൈൻ 93 ശതമാനം എസ്റ്റിമേറ്റ് കഴിഞ്ഞും കൂടുതലാക്കിയിട്ടുണ്ട്. കാട്ടാക്കട - ബാലരാമപുരം ലൈൻ 83.4 ശതമാനവും ആലപ്പുഴ – കുട്ടനാട് റീ-കണ്ടിഷനിംഗ് 2013-ൽ 60 ശതമാനവും തലശ്ശേരി - വടകര ബെഡ്ഡിംഗ് 2014 -ൽ 94 ശതമാനവും ചെങ്കുളം - കുയിലുമല 2014-ൽ 83 ശതമാനവും വാഴത്തോപ്പ് - നിർമ്മലസിറ്റി ലൈൻ 2014 -ൽ 70 ശതമാനവും കൊയിലാണ്ടി - വടകര ബെഡ്ഡിംഗ് 2014 - ൽ 86 ശതമാനവും മേലാറ്റൂർ - നിലമ്പൂർ ലൈൻ 2015-ൽ 76.9 ശതമാനവും പെരിന്തൽമണ്ണ സബ്സ്റ്റേഷനിലേക്കുള്ള ലൈൻ അപ്ഗ്രഡേഷൻ 2015-ൽ 57 ശതമാനവും വിദ്യാനഗർ - സീതാഗോളി (കാസർഗോഡ്) 2015-ൽ 72 ശതമാനവും നല്ലളം-....... 2015-ൽ 61 ശതമാനവും അങ്ങനെ 90 ശതമാനം വരെ ഇതിനുമുമ്പും ബഡ്ജറ്റ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്; വർദ്ധിപ്പിച്ചിട്ടുണ്ട്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതാണ്. മുൻ അനുഭവമുണ്ടെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പലപ്പോഴും ഇത്തരം വലിയ

പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് സംഖ്യ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാലും ഏത് കമ്പനിയാണെങ്കിലും കൂടുതൽ സംഖ്യ ക്വാട്ട് ചെയ്യുമെന്നുള്ളത് സർവ്വസാധാരണമായൊരു കാര്യമാണ്. അത് അവരുമായി ചർച്ച ചെയ്ത് വീണ്ടും കുറയ്ക്കും. അതല്ലെങ്കിൽ പിന്നീട് ഇതേറ്റെടുത്ത് നടത്താൻ ആരുമില്ലാത്ത സാഹചര്യം ഉണ്ടാകും. പക്ഷെ ഇത് കേന്ദ്ര നവരത്നകമ്പനികൾ ഇടപെട്ട് തയ്യാറാക്കിയതും വൈദ്യുതി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എല്ലാതലത്തിലുമുള്ള ഉന്നത ഉദ്യോഗസ്ഥന്മാർ പരിശോധിച്ച് സമർപ്പിച്ചിട്ടുള്ളതുമായ എസ്റ്റിമേറ്റാണ്. ആ എസ്റ്റിമേറ്റ് സാധാരണ കമ്പനികൾ കൂട്ടിയേ പിടിക്കൂ. കാരണം പ്രായോഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കാണാത്ത ചെലവുകൾ പദ്ധതി നടപ്പിലാക്കുമ്പോഴുണ്ടാകും. അതുകൊണ്ട് ഇത് സ്വാഭാവികമായി വന്നിട്ടുള്ളതാണ്. എങ്കിലും അവരുമായി ചർച്ച ചെയ്ത് വീണ്ടും കുറവ് ചെയ്യുകയാണുണ്ടായത്. അതുകൊണ്ട് ഈ പറയുന്നതിൽ ഒരു കാര്യവുമില്ല. അതല്ലെങ്കിൽ ഈ കമ്പനി പ്രോജക്ടും നടത്തുകയില്ല. അതിനാൽ ട്രാൻസ്ഗ്രിഡ് പദ്ധതി സംസ്ഥാനത്തിന്റെ വൈദ്യുതിരംഗം ഫലപ്രദമാക്കാനും ഭാവി കേരളത്തിന് ഒഴിച്ചുകൂടാൻ കഴിയാത്തതാണെന്നും ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. വൈദ്യുതി ബോർഡും

ബഹുമാന്യരായ പ്രതിപക്ഷ അംഗങ്ങളും അല്ലെങ്കിൽ ഏതെങ്കിലും ജനപ്രതിനിധിയോ രാഷ്ട്രീയ പ്രവർത്തകരോ പറയുന്നതുപോലെ കാര്യങ്ങൾ കണ്ടുപറഞ്ഞാൽ വൈദ്യുത പ്രോജക്ടുകളൊന്നും നടക്കുകയില്ല. അതിന്റെ കെടുതി ഭാവിയിൽ കേരളം നേരിടേണ്ടിവരുമെന്നതിൽ ഒരു സംശയവുമില്ല. ബഹുമാന്യരായ പ്രതിപക്ഷ നേതാക്കൾ പ്രത്യേകിച്ചും ബഹുമാന്യനായ പ്രതിപക്ഷനേതാവ് തന്നെ ഈ പ്രശ്നം നിരന്തരം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും ഞങ്ങളെ സംബന്ധിച്ചിടത്തോളം....... തന്നെയല്ല, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ മന്ത്രിക്കെന്താണ് കാര്യം; അല്ലെങ്കിൽ മുഖ്യമന്ത്രിക്കെന്താണ് കാര്യം; ഒരു കാര്യവുമില്ല. വൈദ്യുതി ബോർഡാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. യഥാർത്ഥത്തിൽ വസ്തുതാപരമല്ലാതെ കാര്യങ്ങൾ കണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് പ്രതിപക്ഷം തടസ്സമുണ്ടാക്കരുതെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. നിങ്ങൾ പറയുന്ന ഒരു കാര്യവും നിലനിൽക്കുന്നതല്ലെന്നും ഞാൻ അതിനെ നിരാകരിക്കുകയാണെന്നും അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ മന്ത്രിക്കും മുഖ്യമന്ത്രിക്കും ഒരു കാര്യവുമില്ല എന്ന കാര്യത്തോട് ഞാൻ

പൂർണ്ണമായും യോജിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് എസ്റ്റിമേറ്റ് ഉയർന്ന ചില വർക്കുകളെക്കുറിച്ചാണ് അങ്ങ് ഇവിടെ വായിച്ചത്. വർഷങ്ങളോളം കെ.എസ്.ഇ.ബി.എൽ.-ന്റെ റേറ്റ് റിവിഷൻ നടത്താതെ കിടന്ന സമയത്താണ് ഈ റേറ്റ് ഉയർന്നത്. ആ റേറ്റ് ഉയർന്നതിനെത്തുടർന്ന് കെ.എസ്.ഇ.ബി.എൽ.-ന്റെ റേറ്റ് റിവിഷൻ ടെണ്ടർ എക്സസ് ഉയർന്നത്. റേറ്റ് റിവിഷൻ നടത്തിക്കഴിഞ്ഞതിനുശേഷമാണ് ഈ ടെണ്ടറുകളെല്ലാം ഉണ്ടായത് എന്നുള്ള കാര്യം കൂടി ബോധ്യപ്പെടണം. ഇവിടെ, രണ്ട് പ്രാവശ്യമായി 125% ആണ് ടെണ്ടർ തുക ഉയർന്നിരിക്കുന്നത്. 150 കോടി രൂപയ്ക്ക്, ഇപ്പോഴത്തെ റേറ്റ് റിവിഷൻ നടത്തിയതനുസരിച്ച് ചെയ്യേണ്ട ഒരു പദ്ധതി, 372 കോടി രൂപയ്ക്ക് വർക്ക് അവാർഡ് നടത്തുന്ന വിചിത്രമായൊരു കാര്യം ഒരു കാലത്തും കെ.എസ്.ഇ.ബി.എൽ.-ൽ നടന്നിട്ടില്ല. സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിക്കാണ് വർക്ക് അവാർഡ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് പ്രസ്തുത കമ്പനിയുടെ പ്രതിനിധി കെ.എസ്.ഇ.ബി.എൽ.-ന്റെ ഓഫീസിൽ സ്പെഷ്യൽ എഞ്ചിനീയർകൂടി ഉണ്ടായിരുന്നു.

മി. സ്പീക്കർ: പ്ലീസ്.....അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, സമാനമായ മറ്റൊരു പദ്ധതിയുണ്ട്. 130

കോടി രൂപയ്ക്ക് നടത്തേണ്ട ആ പദ്ധതി 210 കോടി രൂപ വരെയാക്കി എസ്റ്റിമേറ്റ് ഉയർത്തി 340 കോടി രൂപയ്ക്ക് എൽ&റ്റി ഇന്ത്യാ ലിമിറ്റഡ് എന്ന കമ്പനിക്ക് വർക്ക് അവാർഡ് ചെയ്തു. ഇതുപോലുള്ള അര ഡസനിലധികം വർക്കുകളാണ് അയ്യായിരം കോടി രൂപയുടെ കിഫ്ബി പ്രോജക്ടിൽ നടന്നിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: പ്ലീസ്.....അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മന്ത്രി കൂടുതൽ സംസാരിച്ചു. അപ്പോൾ അതുകൂടി പറയേണ്ടേ?

<u>മി. സ്പീക്കർ</u>: അങ്ങ് ആദ്യം വിശദീകരണം ചോദിച്ചു. അങ്ങയുടെ വിശദമായ ചോദ്യത്തിനുള്ള മറുപടിയും നൽകി.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്ക് അവാർഡ് ചെയ്തുകൊണ്ടുള്ള ഓർഡറിൽ ഇവിടെ മന്ത്രി പറഞ്ഞ കാരണങ്ങൾ ഒന്നുമല്ല എഴുതിയിരിക്കുന്നത്. ഓർഡറിൽ എഴുതിയിരിക്കുന്നത് എല്ലാ ട്രേഡ് യൂണിയൻ നേതാക്കന്മാരും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രദേശത്ത് ശക്തമായ ട്രേഡ് യൂണിയൻ സാന്നിദ്ധ്യം ഉള്ളതുകൊണ്ട് ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ്-അൺലോഡിംഗ് ചെലവുകൾ വർദ്ധിക്കും എന്നതുകൊണ്ടാണ് ഇത്രയും കോടി രൂപ, എസ്റ്റിമേറ്റ് തുക

കുട്ടിക്കൊടുത്തതെന്ന് കെ.എസ്.ഇ.ബി.എൽ.-ന്റെ ഓർഡറിൽ എഴുതിയിട്ടുണ്ടോ?

ശ്രീ. എം. എം. മണി: സർ, കെ.എസ്.ഇ.ബി.എൽ. ഓഫീസിൽ കമ്പനിയുടെ എം.ഡി.-മാർ ഇരുന്നെന്നൊക്കെയുള്ള വിവരം പറയുന്നതുകേട്ടാൽ തോന്നുന്നത് ബഹുമാനപ്പെട്ട വി. ഡി. സതീശൻ അന്നേരം അവിടെ ഉണ്ടായിരുന്നോ എന്നാണ്. വെറുതെയെന്തെങ്കിലും പറഞ്ഞ് ആളുകളെ വസ്തുതയിൽനിന്നും തെറ്റിദ്ധരിപ്പിച്ച് തെറ്റായ വിധത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകുന്നത് ഒരിക്കലും നമ്മുടെ നാടിന്റെ പുരോഗതിക്ക് സഹായകരമല്ല. ഇത് കിഫ്ബിയുടെ പദ്ധതി തന്നെയാണ്. അയ്യായിരത്തിലധികം കോടി രൂപയ്ക്ക് കിഫ്ബി ഇപ്പോൾ അംഗീകാരം തന്നിട്ടുണ്ട്. നിങ്ങളുടെ നിരന്തരമായ കിഫ്ബി വിരുദ്ധ മനോഭാവം ശരിയായ കാര്യമല്ല. തികച്ചും വസ്തുതാപരമായാണ് ഇക്കാര്യങ്ങൾ ചെയ്തിരിക്കുന്നത് എന്ന കാര്യം നൂറ് ശതമാനവും നമുക്ക് ഉറപ്പാണ്. മാത്രമല്ല, ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, വൈദ്യുതി ബോർഡിലെ എ.ഇ. മുതൽ വിവിധ തലത്തിൽ പരിശോധന നടത്തുകയും കേന്ദ്ര നവരത്നകമ്പനികൾ തന്നെ ഇത് ടെണ്ടർ ചെയ്യാവുന്നതാണെന്ന് അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ വേറെ എന്ത് മാർഗ്ഗമാണ് സ്വീകരിക്കുക.? ഈ പദ്ധതി

നടപ്പാക്കാതിരിക്കുക, വൈദ്യുതി രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുകയെന്നതാണ് അതിൽനിന്നും പ്രതിപക്ഷം എത്തുന്ന നിഗമനം എന്നാണ് എന്റെ വിമർശനം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം ചെയ്തു എന്നതിനെപ്പറ്റി ഞാൻ ഇവിടെ വിശദീകരിക്കേണ്ടതുണ്ടോ? അതിന്റെ കാര്യമില്ല. യു.ഡി.എഫ്. ഭരണ കാലത്ത് റെഗുലേറ്ററി കമ്മീഷനെ മറികടന്ന് വൈദ്യുതി വാങ്ങൽ കരാർ ഒപ്പിട്ട് മന്ത്രിസഭയിൽ അംഗീകരിച്ച് ഇപ്പോഴും പ്രശ്നമായി നിൽക്കുന്ന എന്നുള്ളകാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോൾ വൈദ്യുതി രംഗം പ്രതിസന്ധിയിലാണ്; എന്തുകൊണ്ട്? നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ പരിപാടിയാണ് . അതുപോലുള്ള ഒരു പരിപാടിയും ഞങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്ത് ചെയ്യില്ല. ആ കാര്യത്തിൽ ഒരു സംശയവും വേണ്ട. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പ്രതിപക്ഷാംഗങ്ങളും ഒരു നിഗമനത്തിലെത്തുക. എവിടെനിന്നെങ്കിലും കിട്ടുന്ന കാര്യങ്ങൾ സഭയിൽ ഉന്നയിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കുക എന്നത് നിങ്ങളുടെ സർവ്വസാധാരണമായൊരു പരിപാടിയാണ്. മാത്രമല്ല, നിങ്ങളെപ്പോലെയാണ് ഞങ്ങളും എന്ന് നിങ്ങൾ ചിന്തിക്കുന്നതിൽ ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല.

<u>മി. സ്പീക്കർ</u>: ഇരിക്കൂ.....

<u>ശ്രീ. എം. എം. മണി</u>: സർ, അതങ്ങനെയാണല്ലോ. അതുകൊണ്ട് ഒരു കാരണവശാലും നിങ്ങൾ പറയുന്ന ഒരു പ്രശ്നവും നിലനിൽക്കുന്നതല്ലെന്നാണ് എന്റെ വസ്തുതാപരമായ വിശദീകരണം. ഇതാണ് ഈ അവസരത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നേരത്തേയുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനുവേണ്ടിയും ടെണ്ടർ എക്സസ് വന്നതുകൊണ്ട് ഞങ്ങൾ ആ രൂപത്തിൽ പോയി എന്നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. അന്നുവരെയുള്ള ടെണ്ടർ നിയമങ്ങളിൽ മാറ്റം വരുത്തുന്നതിനുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാം 2017 ഫെബ്രുവരി മാസം ഒരു റിപ്പോർട്ട് തന്നിട്ടുണ്ടോ; ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പത്ത് ശതമാനത്തിലധികം ടെണ്ടർ എക്സസ് കൊടുക്കരുതെന്ന് അദ്ദേഹം എഴുതിയിട്ടുണ്ടോ; ആ ഓർഡർ ഉള്ളപ്പോൾത്തന്നെയാണ് നിങ്ങൾ ഇവിടെ ഇത്രയും കൂടിയ ശതമാനത്തിന് ടെണ്ടർ കൊടുത്തത്. ശ്രീ. കെ. എം. എബ്രഹാമിന്റെ റിപ്പോർട്ട് അനുസരിച്ച് പത്ത് ശതമാനത്തിലധികം ടെണ്ടർ എക്സസ് വന്നാൽ റീ ടെണ്ടർ ചെയ്യണമെന്നാണ്. ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ? റീ ടെണ്ടർ ചെയ്യുമ്പോഴും വീണ്ടും എക്സസ് ആയാണ്

വരുന്നതെങ്കിൽ അത് റീ എസ്റ്റിമേറ്റിലേയ്ക്ക് പോകണമെന്നാണ് ശ്രീ. കെ. എം. എബ്രഹാമിന്റെ നിർദ്ദേശം. അതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഓർഡർ ഇറക്കിയത്. ആ ഓർഡർ കാറ്റിൽപ്പറത്തിക്കൊണ്ട് ഇവിടെത്തന്നെ കൊടുക്കണമെന്ന് തീരുമാനമെടുക്കുകയും കിഫ്ബിയുടെ പണം ഇങ്ങനെ ഉപയോഗിക്കുകയും അതിനുള്ള ഓഡിറ്റ് സി.&എ.ജി.-യിൽ നിന്ന് ഒഴിവാക്കുന്നതിനുവേണ്ടി നിർബന്ധബുദ്ധിയോടെ നിൽക്കുകയും ചെയ്തതെന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ഒന്നാമത്തെ കാര്യം, ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവ് സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കുമാത്രം ബാധകമാണ് എന്നുള്ളതാണ്. വൈദ്യുതി ബോർഡിന് പ്രസ്തുത ഉത്തരവ് ആ നിലയിൽ ബാധകമാകുന്ന കാര്യമല്ല. അതിന്റെ എല്ലാ വശവും ഞങ്ങൾ പരിശോധിച്ചിട്ടുണ്ട്. അതുകൊണ്ട് അത് നിലനിൽക്കുന്നതേയല്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ ഉത്തരവ് പാലിക്കാൻ ബാധ്യത ഇല്ല. വൈദ്യുതി ബോർഡിന് അതിന്റേതായ നിയമവും സമ്പ്രദായങ്ങളുണ്ടെന്നുള്ള കാര്യവും ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട്, കൃത്യതയോടുകൂടിത്തന്നെയാണ് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരിക്കുന്നത്.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽനിന്ന് സാഹചര്യം മാറുകയും പദ്ധതി നടപ്പിലാക്കുമ്പോൾ വരുന്ന ബാധ്യതയെല്ലാം ഉണ്ട്. അപ്പോൾ സ്വാഭാവികമായും വരുന്നത്, എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൂടുതൽ ക്വാട്ട് ചെയ്യേണ്ടത് ഇത്തരം സംഭവത്തിലാണ്. നമുക്ക് അതുവച്ച് പരിപാടി വേണ്ട എന്നുപറയുന്ന പ്രതിസന്ധിയിലെത്തും എന്നുള്ളതാണ് വസ്തുത. ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവ് സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെന്റുകൾക്കും ബാധകമാവും. വൈദ്യുതി ബോർഡിന് പ്രത്യേക നിയമമുണ്ട്. ആ നിയമമനുസരിച്ചാണ് വൈദ്യുതി ബോർഡ് പ്രവർത്തിക്കുന്നത്.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ.....മിനിസ്റ്റർ.....അങ്ങ് പറഞ്ഞുകഴിഞ്ഞു. ഇരിക്കൂ.....

<u>ശ്രീ. എം. എം. മണി</u>: സർ, കെ.എസ്.ഇ.ബി.എൽ.- ന് പ്രത്യേകം ബാധകമാകണം എന്ന് പറഞ്ഞ് ഉത്തരവിട്ടാൽ അത് പാലിക്കാൻ ബാധ്യതയുണ്ട്. അല്ലാതെ.....(ബഹളം).....ഇല്ല.....ഇല്ല.....അങ്ങനെ ഒരു പ്രശ്നമേ ഇല്ല.

<u>മി. സ്പീക്കർ</u>: യെസ്.....യെസ്.....അങ്ങ് ഇരിക്കൂ......അങ്ങ് പറഞ്ഞല്ലോ.....മിനിസ്റ്റർ, അങ്ങ് ഇയർഫോൺ ഉപയോഗിക്കൂ.....

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ശ്രീ. കെ. എം. എബ്രഹാമിനും മുഖ്യമന്ത്രിക്കും മുകളിലാണ് കെ.എസ്.ഇ.ബി.എൽ. എന്നുള്ള തരത്തിലാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി. ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ, കെ.എസ്.ഇ.ബി.എൽ., കിഫ്ബി എന്നിവർ ഒപ്പുവച്ച ഒരു ത്രികക്ഷി കരാറുണ്ട്. ആ കരാർ പ്രകാരം കെ.എസ്.ഇ.ബി.എൽ. ഈ തുക കിഫ്ബിയിലേയ്ക്ക് തിരിച്ചടയ്ക്കണമോ? അങ്ങനെ തിരിച്ചടയ്ക്കേണ്ട സാഹചര്യം വന്നാൽ കെ.എസ്.ഇ.ബി.എൽ. ഒരു കെ.എസ്.ആർ.ടി.സി. ആയി മാറും. അങ്ങനെ തിരിച്ചടയ്ക്കേണ്ട സാഹചര്യം വന്നാൽ എത്ര ശതമാനം പലിശയ്ക്കാണ് ഈ തുക തിരിച്ചടയ്ക്കുന്നത്?

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ അത് കൂടുതൽ പരിശോധിച്ച് മറുപടി പറയേണ്ടതാണ് എന്നുള്ളതാണ്. ഒന്നാമത്തെ കാര്യം,എത്ര ശതമാനം പലിശ തുടങ്ങിയ കാര്യങ്ങൾ ഇപ്പോൾ എന്റെ പരിശോധനയ്ക്ക് വിധേയമാക്കിയില്ല. അത് ആവശ്യമെന്ന് വന്നാൽ പരിശോധിച്ച് മറുപടി പറയാം. രണ്ടാമത്തെ കാര്യം, കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പരിപാടിയെല്ലാം കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരിശോധനയ്ക്ക് വിധേയമാണ്. എല്ലാം ആ നിലയിൽ പരിശോധിച്ചിട്ടുണ്ട്.

കിഫ്ബിയിൽനിന്ന് തന്നാലും ഏതുവഴി വന്നാലും വൈദ്യുതി ബോർഡിന്റെ മുഴുവൻ വരവുചെലവ് കണക്കും കൃത്യതയോടുകൂടി പരിശോധിക്കും. അതിനുള്ള സംവിധാനമുണ്ട്. അതിന് വിധേയമല്ലാത്ത ഒന്നും വൈദ്യുതി ബോർഡിന്റെ വരവുചെലവ് കണക്കിലില്ല എന്ന കാര്യം ഞാൻ വ്യക്തമാക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി.എൽ.-ന് ബാധകമല്ല എന്ന നിലപാടിൽ അങ്ങ് ഉറച്ചുനിൽക്കുകയാണല്ലോ. ഇവിടെ പുതുക്കിയ ടെണ്ടറിൽ പങ്കെടുത്ത എല്ലാ കമ്പനികൾക്കും ഏതെങ്കിലും വർക്ക് കിട്ടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇതിൽ അഴിമതി നടന്നതായി മനസ്സിലാക്കി അതിൽ തിരുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. എം. മണി: സർ, അത്തരത്തിലൊരു പരിശോധനയും ഇപ്പോൾ എന്റെ മുൻപാകെ ഇല്ല. അവ്യക്തമായി മറുപടി പറയുന്നത് ശരിയല്ലെന്നതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പരിശോധിച്ച് പിന്നീട് മറുപടി പറയാം. ശ്രീ. കെ. എം. എബ്രഹാം പുറപ്പെടുവിച്ച ഉത്തരവ് വൈദ്യുതി ബോർഡിന് ബാധകമാക്കിയിട്ടില്ല. വൈദ്യുതി ബോർഡിന്

ബാധകമാക്കാത്ത, സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾക്ക് ബാധകമാകുന്ന ഉത്തരവ് കെ.എസ്.ഇ.ബി.എൽ.-ന് ബാധകമാകില്ല. കെ.എസ്.ഇ.ബി.എൽ. പ്രത്യേക നിയമവും ചട്ടവും അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ്. എന്നാൽ ഈ പറഞ്ഞതിന്റെ അർത്ഥം സംസ്ഥാന ഗവൺമെന്റുമായി കെ.എസ്.ഇ.ബി.എൽ.-ന് ബന്ധമില്ലെന്ന അർത്ഥവുമില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കേരളത്തിന്റെ പുറത്തുനിന്നും എത്ര വൈദ്യുതി കൊണ്ടുവരാൻ കരാർ ഒപ്പിട്ടാലും അത് നമ്മുടെ സംസ്ഥാനത്തിലേയ്ക്ക് കൊണ്ടുവരാനുള്ള 400 കെ.വി. ലൈനുകളും കോറിഡോറുകളുമില്ല. ഈ പ്രതിസന്ധി മറികടക്കാൻ 3600 കോടി രൂപ മുതൽമുടക്കുള്ള, മുടങ്ങിക്കിടന്ന കൂടംകുളം ലൈൻ മിന്നൽ വേഗത്തിൽ പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും കേരളത്തിന് മാതൃകയായി നടപ്പിലാക്കിയ പ്രവർത്തനങ്ങളെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ചരിത്രപരമായ മുന്നേറ്റമാണത്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി 24x7 പൂർണ്ണമായും വൈദ്യുതി നൽകുവാൻ തെരഞ്ഞെടുത്തിരിക്കുന്ന സംസ്ഥാനം കേരളമാണ്. അതിനുവേണ്ടി കേരളത്തിൽ 400 കെ.വി. ലൈനുകൾ, 400 കെ.വി.

സബ്സ്റ്റേഷനുകൾ, 220 കെ.വി. സബ്സ്റ്റേഷനുകൾ, 110 കെ.വി. സബ്സ്റ്റേഷനുകൾ, വൈദ്യുതി ലൈനുകൾ എന്നിവ എത്രയെണ്ണമാണ് പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. എം. മണി: സർ,സംസ്ഥാന പ്രസരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ചിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ആഭ്യന്തര ഉത്പാദനം വഴിയും പുറമെ നിന്നുള്ള ഇറക്കുമതിയിലൂടെയും ലഭ്യമാകുന്ന വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് കാര്യക്ഷമവും തടസ്സരഹിതവുമായി ആവശ്യമായ വോൾട്ടേജ് നിലവാരത്തിൽ തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണിത്. ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രവൃത്തികളാണ് വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പാക്കുന്ന 6375 കോടി രൂപയുടെ പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസനനിധിയായ കിഫ്ബിയിൽനിന്നുമാണ് ലഭ്യമാക്കുന്നത്. ഇതിൽ 5200 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്ക്

കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF-ൽ നിന്നും ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായ രണ്ട് പ്രവൃത്തികൾക്ക് 400 കോടി രൂപയുടെ സഹായവും നേടിയെടുക്കാനായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രത്യേക നിരീക്ഷണത്തിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത തിരുനെൽവേലി-മാടക്കത്തറ 400 കെ.വി പ്രസരണ ഇടനാഴിയുടെയും നിർമ്മാണം പുരോഗമിക്കുന്നു. പുനലൂർ-മാടക്കത്തറ HVDC ലൈനിന്റെയും പൂർണ്ണമായ പ്രയോജനം ലഭ്യമാക്കുന്നതിന് ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ വേഗത്തിലുള്ള പൂർത്തീകരണം അനിവാര്യമാണ്.

മി. സ്പീക്കർ: താങ്ങൾ ഈ ഉത്തരം നേരത്തെ മേശപ്പുറത്ത് വച്ചതാണ്. ഉപചോദ്യത്തിനുള്ള മറുപടികൾ പറയുന്നതായിരിക്കും നല്ലത്.

ശ്രീ. എം. സ്വരാജ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാക്കി. ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാക്കിയ സംസ്ഥാനമെന്ന ബഹുമതിക്ക് കേരളത്തെ അർഹമാക്കിയ വൈദ്യുതി വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്രോതസ്സുകളിൽ നിന്നായി

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. എം. എം. മണി: സർ, പുതിയ ഉൽപ്പാദന മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന ലക്ഷ്യമാണ് ഗവൺമെന്റിനുള്ളത്. നമുക്ക് ആവശ്യമുള്ളതിന്റെ 30% വൈദ്യുതി മാത്രമാണ് സംസ്ഥാനത്ത് നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്. മറ്റുള്ളത് വിവിധ കരാറുകളിൽക്കൂടി വാങ്ങിയാണ് ആവശ്യങ്ങൾ നിറവേറ്റുന്നത് എന്ന് പരിശോധിച്ചാൽ കാണാൻ കഴിയും. ജലവൈദ്യുത രംഗത്ത് കുറച്ചുകൂടി സാധ്യതകൾ ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ഈ രംഗത്ത് ലക്ഷ്യമിടുന്നത്. അതിനുവേണ്ടിയുള്ള നീക്കങ്ങൾ വിവിധ പദ്ധതികളിലൂടെ പുരോഗമിക്കുന്നുണ്ട്. അവയിൽ ചിലതിന്റെ നിർമ്മാണം പൂർത്തിയായി വരുന്നുണ്ട്. അതിൽ പൂർത്തിയാകാത്തതുമുണ്ട്. ജലവൈദ്യുത രംഗത്ത് കൂടുതൽ സാധ്യതകൾ കണ്ടെത്തണം എന്ന ലക്ഷ്യം ഗവൺമെന്റിനുണ്ട്. ഇടുക്കി പദ്ധതിക്ക് രണ്ടാം പവർ സ്റ്റേഷൻ കൂടി സ്ഥാപിക്കുന്നതിനുള്ള

പഠനത്തെക്കുറിച്ച് സംസ്ഥാന ഗവൺമെന്റും വൈദ്യുതി ബോർഡും ഇപ്പോൾ ആലോചിക്കുന്നുണ്ട്. അത് പ്രായോഗികമാക്കാൻ കഴിഞ്ഞാൽ ജലവൈദ്യുത രംഗത്ത് കൂടുതൽ പുരോഗതി ഉണ്ടാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം 1000 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയിൽക്കൂടി വൈദ്യുതോൽപ്പാദനം ലക്ഷ്യമിടുന്നുണ്ട് എന്ന കാര്യം ഈ അവസരത്തിൽ ഞാൻ സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും ഈ ഗവൺമെന്റും അങ്ങയുടെ നേതൃത്വത്തിൽ വൈദ്യുതി ബോർഡും നടത്തിയ പ്രവർത്തനങ്ങൾ കേരളം ആവേശത്തോടുകൂടിയാണ് സ്വീകരിക്കുന്നത്. തീർച്ചയായും ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ ഈ മുന്നേറ്റത്തിന് ഒരു പുകമറ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ടെണ്ടർ എക്സസിന്റെ കാര്യം പറഞ്ഞ് പ്രതിപക്ഷം ആരോപണം ഉന്നയിക്കുന്നതെന്നാണ് അങ്ങയുടെ ഉത്തരത്തിൽനിന്നും മനസ്സിലാകുന്നത്. അങ്ങുതന്നെ പറഞ്ഞു യു.ഡി.എഫ്.-ന്റെ കാലത്ത് നിരവധി വർക്കുകൾക്ക്

ടെണ്ടർ എക്സസ് ഉണ്ടായിട്ടുണ്ടെന്ന്. അതിന്റെ ശതമാനം വായിക്കുകയും ചെയ്തു. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ ട്രാൻസ്ഗ്രിഡ് ടെണ്ടർ നിരക്കുകളിൽ വ്യത്യാസങ്ങളുണ്ടോ? കഴിഞ്ഞകാലത്തും ഇപ്പോഴും ടെണ്ടർ എക്സസ് വന്നിട്ടുണ്ട്. നിലവിൽ ടെണ്ടർ എക്സസ് നെഗോഷിയേറ്റ് നടത്തി ആവശ്യമായ കുറവുകൾ വരുത്താൻ ശ്രമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

ശ്രീ. എം. എം. മണി: സർ, ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അപ്പോൾ കാണാത്ത ചെലവുകൾ പദ്ധതി പ്രാവർത്തികമാക്കുമ്പോൾ വരും. അത് ഉറപ്പാണ്. അല്ലാതെ ഒരു പദ്ധതിയും വൈദ്യുതി ബോർഡ് എന്നല്ല, മറ്റെവിടെയാണെങ്കിലും നടക്കില്ല എന്നുള്ളത് വസ്തുതാപരമായ കാര്യമാണ്. അപ്പോൾ സ്വാഭാവികമായും എസ്റ്റിമേറ്റിൽ വർദ്ധനവ് വരും. അങ്ങനെ ചെയ്തില്ലെങ്കിൽ ടെണ്ടർ പിടിച്ച കമ്പനി അധികതുക ഈടാക്കും. ടെണ്ടർ ക്ഷണിക്കുമ്പോൾ അവർ അതിന് അവരുടേതായ നിർദ്ദേശം വയ്ക്കുകയാണ്. നമുക്ക് വേണമെങ്കിൽ പ്രസ്തുത ടെണ്ടർ വേണ്ടെന്ന് വയ്ക്കാം. അതിനു നമുക്ക് അവകാശമുണ്ട്. പക്ഷേ വൈദ്യുതി രംഗത്തെ പുരോഗതിയും സംസ്ഥാനത്തിന്റെ താൽപര്യവും

സംരക്ഷിക്കണം എന്നതാണ് അവിടെ നമുക്ക് മുന്നിൽ ഉയരുന്ന പ്രശ്നം. പദ്ധതി വേണ്ടെന്ന് വച്ചാൽ നമ്മുടെ നാടിന്റെ പുരോഗതിക്ക് അത് തടസ്സമാകും. അപ്പോൾ സ്വാഭാവികമായും അവരോടുകൂടി ചേർന്ന് നെഗോസിയേഷൻ നടത്തി പദ്ധതി നടപ്പിലാക്കുക എന്നുള്ളതല്ലാതെ വേറെ വഴിയില്ല. മൂന്ന് കൂട്ടർ ടെണ്ടർ ക്ഷണിച്ചതിൽ ഒരു കൂട്ടരുമായേ ചർച്ച പോലും നടത്തേണ്ടതായി വന്നുള്ളൂ. കാരണം മറ്റുള്ളവർ പറഞ്ഞത് ഭീമമായ സംഖ്യയാണ്. അതുകൊണ്ടാണ് ഇതുസംബന്ധിച്ച ചർച്ച നടത്താൻ തയ്യാറായത്. കെ.എസ്.ഇ.ബി.എൽ. വെറുതെ പണം മുടക്കി ചെലവാക്കുകയല്ല ചെയ്യുന്നത്. ഇതെല്ലാം ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാണ്. അക്കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ടെന്ന കാര്യം ഈ അവസരത്തിൽ ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായി ചാലക്കുടി 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനാക്കി നവീകരിക്കാൻ നടപടി സ്വീകരിച്ചതിന് അങ്ങയോട് നന്ദി പ്രകാശിപ്പിക്കുകയാണ്. സംസ്ഥാനത്ത് എങ്ങും എത്താതെ മുടങ്ങിക്കിടന്ന നിരവധി പദ്ധതികൾ ഈ സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെയും

ഇച്ഛാശക്തിയുടെയും ഭാഗമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ തെളിവാണ് കൂടംകുളം വൈദ്യുതിനിലയത്തിന്റെ നിർമ്മാണം. സർക്കാർ ശക്തമായി ഇടപ്പെട്ടതിന്റെ ഭാഗമായാണ് അത് പൂർത്തീകരിക്കാനായത്. അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയും. എന്നാൽ ഇതിനെതിരെ അനാവശ്യമായ, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് തടസ്സപ്പെടുത്താനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പദ്ധതിയിൽ ഓഡിറ്റിംഗ് നടത്തുന്നില്ല എന്നതാണ് പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണം. ഇതിന്റെ നിജസ്ഥിതി എന്താണ്? ഈ പദ്ധതിയിൽ ഓഡിറ്റിംഗ് എങ്ങനെയൊക്കെയാണ് നടത്തുന്നത് എന്ന് വിശദീകരിക്കാമോ?

ശ്രീ. എം. എം. മണി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൂടംകുളം പദ്ധതി ഫലത്തിൽ ഉപേക്ഷിച്ചതായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദരണീയനായ മുഖ്യമന്ത്രി പ്രത്യേകം കോൺഫറൻസ് വിളിച്ച് കൂട്ടി ഈ പദ്ധതി നടപ്പിലാക്കാൻ ശക്തമായ ഇടപെടൽ നടത്തി. അതിനു പിന്നാലെ വൈദ്യുതി വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനും വൈദ്യുതി വകുപ്പും റിവ്യൂ നടത്തുകയും ചെയ്തിരുന്നു. അഭിമാനകരമായ നിലയിൽ 261 മെഗാവാട്ട് വൈദ്യുതി കൂടംകുളത്തുനിന്നും പ്രസരണ

നഷ്ടമില്ലാതെ കിട്ടാനും ഭാവിയിൽ വൈദ്യുതി വാങ്ങേണ്ടി വന്നാൽ കൊണ്ടുവരാനുള്ള ലൈൻ ഇല്ല എന്ന ഗതികേട് ഒഴിവാക്കുന്നതിനും സാധിച്ചു. മഴ കുറഞ്ഞ സാഹചര്യത്തിൽ കേവലം പത്ത് ദിവസത്തേയ്ക്കുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള വെള്ളംമാത്രമെ ഡാമിൽ ഉണ്ടായിരുന്നുള്ളൂ. സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടിവരുമെന്ന അങ്ങേയറ്റം ഖേദകരമായ ഒരു അവസ്ഥയിലേയ്ക്കാണ് അത് എത്തിയത്. പക്ഷേ മഴ പെയ്തതുകൊണ്ട് അത്തരമൊരു സാഹചര്യം ഒഴിവായി. അങ്ങനെ പുറത്തുനിന്നും വൈദ്യുതി വാങ്ങേണ്ടി വന്നാൽ നമുക്ക് കൊണ്ടുവരാൻ വൈദ്യുത ലൈൻ ഇല്ലല്ലോ എന്ന ഖേദം ഉണ്ടായിരുന്നു. പക്ഷേ ഇപ്പോൾ കൂടംകുളം പൂർത്തിയായതുകൊണ്ട് നമുക്ക് വൈദ്യുതി വാങ്ങാനും ആ ലൈൻ ഉപയോഗിച്ച് കേരളത്തിലേക്ക് കൊണ്ടുവരാനുമുള്ള പുതിയ മാർഗ്ഗമുണ്ട്. കൂടംകുളം പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫലത്തിൽ ഉപേക്ഷിച്ചതാണ്. പക്ഷേ ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിച്ച കാര്യക്ഷമമായ ഇടപെടലുംകൊണ്ടാണ് അത് നടപ്പിലായത് എന്ന കാര്യം ഞാൻ ഈ അവസരത്തിൽ പ്രത്യേകിച്ചും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ ക്രമക്കേടിന്റെയും അഴിമതിയുടെയും ചിത്രമാണ് ഈ ചോദ്യത്തിലൂടെ വ്യക്തമാകുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതി വേണ്ടായെന്ന് ആരും ഇവിടെ പറഞ്ഞില്ല. ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന അഴിമതിയെയും ക്രമക്കേടിനെയുമാണ് ഞങ്ങൾ എതിർക്കുന്നത്. ഇത് വളരെ ശാസ്ത്രീയമായി നടത്തിയ ഒരു അഴിമതിയാണ്. ഒരു ത്രികക്ഷി കരാറിലൂടെ ഉണ്ടാക്കിയിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഈ നടപടിയുമായി മുന്നോട്ടുപോയത്. പവർ ഡിപ്പാർട്ടുമെന്റ്, കിഫ്ബി, ഇലക്ട്രിസിറ്റി ബോർഡ് എന്നിവരടങ്ങിയ ത്രികക്ഷി കരാർ മന്ത്രിസഭയെ തന്നെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇതിൽ പറയുന്നുണ്ട്, "The FIRST PART shall execute the project through a Contractor selected through a competitive process following the rules and regulations prescribed in this regard by the Government of Kerala or Government of India, as applicable.” ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതെന്താണ്; ഞാൻ ചുരുക്കി പറയുകയാണ്. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആയിരുന്ന ശ്രീ. കെ. എം. എബ്രഹാമിന്റെ ടെണ്ടറിനെ സംബന്ധിച്ചുള്ള ഉത്തരവ് ബാധകമല്ലായെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി സഭയെ

തെറ്റിദ്ധരിപ്പിക്കുകയാണ്. ഇത് ഉത്തരവാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ മാറി മാറി വന്ന ഗവൺമെന്റുകൾ എസ്റ്റിമേറ്റിന് over and above ആയി കൂടുതൽ തുക അനുവദിച്ച സാഹചര്യത്തിലാണ് അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീ. കെ. എം. എബ്രഹാം 22.06.2017-ലെ ഉത്തരവിലൂടെ 10 ശതമാനത്തിൽ കൂടുതൽ ടെണ്ടർ എക്സസ് വന്നാൽ വീണ്ടും എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കണം, ഇല്ലായെന്നുണ്ടെങ്കിൽ വീണ്ടും റീ-ടെണ്ടർ ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. ഇത് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. കെ. എം. എബ്രഹാം ഇറക്കിയ സർക്കുലറാണ്. (ഉത്തരവ് ഉയർത്തിക്കാട്ടി) അന്നുവരെയുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കാൻ വേണ്ടി ചെയ്ത കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, ഇത് ഞങ്ങൾക്ക് ബാധകമല്ല, ഞങ്ങൾക്ക് വേറെ നിയമമാണെന്നാണ്. നിങ്ങൾക്ക് ഏത് നിയമമാണ് ബാധകം? സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമം നിങ്ങൾക്കും ഇലക്ട്രിസിറ്റി ബോർഡിനും ബാധകമാണ്.

മി. സ്പീക്കർ : അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെയുണ്ടായിരിക്കുന്നത് എക്സ്പ്ലോർബിറ്റന്റായി ടെണ്ടർ ഉണ്ടാക്കുകയും അതോടൊപ്പം പ്രീ-

ക്വാളിഫിക്കേഷനിലൂടെ മൂന്ന് കമ്പനികൾക്കുമാത്രമേ അപേക്ഷിക്കാനാവൂ എന്ന് വരുത്തുകയുമായിരുന്നു. സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് ഇന്ത്യയിലെ ഏറ്റവും വലിയ കുത്തക ഭീമൻ കമ്പനിയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ പോലും എതിർത്തുകൊണ്ടിരിക്കുന്ന സ്റ്റെർലൈറ്റ് കമ്പനി, എൽ. & റ്റി. ഇന്ത്യ ലിമിറ്റഡ് ഉൾപ്പെടെയുള്ള മൂന്ന് കമ്പനികൾക്കുവേണ്ടി പ്രീ-ക്വാളിഫിക്കേഷൻ കൊടുത്തു. (.......ബഹളം.......)

മി. സ്പീക്കർ: അങ്ങേയ്ക്ക് ഈ വിഷയത്തിൽ ഉന്നയിക്കാനുണ്ടെങ്കിൽ എഴുതി തന്നിട്ട് ഉന്നയിക്കാം. ദയവായി ചോദ്യോത്തരവേള ഇങ്ങനെയാക്കരുത്. ചോദ്യോത്തരവേള ആക്ഷേപങ്ങളും വിമർശനങ്ങളും ആരോപണങ്ങളും ഉന്നയിക്കാനുള്ള വേദിയാക്കരുത്. (.......ബഹളം.......) ചോദ്യോത്തരവേള ചോദ്യം ചോദിക്കാനുള്ളതാണ്. അങ്ങ് ചോദിക്കൂ. (.......ബഹളം.......) ഈ വിഷയത്തിൽ അങ്ങയുടെ സ്പെസിഫിക്കായിട്ടുള്ള ചോദ്യം ചോദിക്കൂ. (.......ബഹളം.......) ദയവായി ചോദിക്കൂ.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നു നിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നെ ചോദിക്കാൻ അനുവദിക്കണ്ടേ.

മി. സ്പീക്കർ: അങ്ങ് സ്റ്റേറ്റ്മെന്റ് നടത്തുന്നു, പ്രസംഗിക്കുന്നു,

ആരോപണങ്ങൾ ഉന്നയിക്കുന്നു. (.......ബഹളം.......) സ്പെസിഫിക്കായുള്ള ചോദ്യം ചോദിക്കൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിക്കൂ. (.......ബഹളം.......) നിങ്ങൾ പോയി സീറ്റിലിരിക്കൂ. നിങ്ങളെന്തിനാണ് ബഹളമുണ്ടാക്കുന്നത്. അങ്ങ് ചോദിക്കൂ. (.......ബഹളം.......) നിങ്ങൾ പോയി സീറ്റിലിരിക്കൂ. ചോദ്യോത്തരവേളയിൽ ഉപചോദ്യങ്ങൾ ചോദിക്കുന്നത് ക്ലാരിറ്റിക്കുവേണ്ടിയിട്ടാണ്. അല്ലാതെ പ്രസംഗങ്ങൾ നടത്താനോ ആരോപണങ്ങൾ ഉന്നയിക്കാനോ സ്റ്റേറ്റ്മെന്റുകൾ നടത്താനോ അവകാശമില്ല. അങ്ങയുടെ സ്പെസിഫിക്കായുള്ള ചോദ്യം ചോദിക്കൂ. പ്ലീസ് പ്ലീസ്...(.......ബഹളം.......) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ചോദ്യം ചോദിക്കാൻ നിങ്ങൾ സമ്മതിക്കില്ലേ? (.......ബഹളം.......) ഇതെന്താണ്? പ്രതിപക്ഷനേതാവാണ് ചോദ്യം ചോദിക്കുന്നത്. നിങ്ങൾ ചെയ്യുന്നത് ശരിയാണോ? നിങ്ങളുടെ നേതാവാണ് ചോദ്യം ചോദിക്കുന്നത്. അത് തടസ്സപ്പെടുത്തുകയാണോ? (.......ബഹളം.......) ഇത് ശരിയല്ല. ചോദ്യോത്തരവേള ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. ഞാനല്ല അങ്ങയുടെ അനുയായികളാണ് തടസ്സപ്പെടുത്തുന്നത്. (.......ബഹളം.......) വളരെ നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചോദ്യമാണ്. ദയവായി സീറ്റിൽ പോയി ഇരിക്കൂ. (.......ബഹളം.......)

ഇടപെടും, ചട്ടങ്ങൾ പാലിക്കാൻ ശ്രമിക്കും. അങ്ങയുടെ അനുയായികളാണ് ഈ പ്രശ്നങ്ങളുണ്ടാക്കുന്നത്. അവരോട് പോയി സീറ്റിൽ ഇരിക്കാൻ പറയൂ. (.......ബഹളം.......) നിങ്ങൾ പോയി സീറ്റിലിരിക്കൂ. എന്തിനാണ് ഈ ബഹളം വച്ചതെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അങ്ങ് സ്പെസിഫിക്കായിട്ട് ചോദ്യം ചോദിക്കൂ.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ പോയി ഇരുന്നു.)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങേയ്ക്ക് അത് മനസ്സിലായില്ലായെന്നുപറഞ്ഞതിൽ എനിക്ക് ഖേദമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അര മണിക്കൂറോളം പ്രസംഗിച്ചു. അങ്ങ് മിണ്ടിയില്ലല്ലോ? (.......ബഹളം.......)

<u>മി. സ്പീക്കർ</u>: ചോദ്യത്തിന്റെ ഉത്തരം ബഹുമാനപ്പെട്ട മന്ത്രിക്ക് പറയണ്ടേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മന്ത്രി ചോദിക്കുമ്പോൾ അങ്ങ് മിണ്ടിയില്ലല്ലോ. ഞാൻ ഈ സബ്ജക്റ്റിൽ നിന്നുകൊണ്ടുതന്നെയാണ് പറഞ്ഞത്. ഇത് അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവുകളാണ്. അതോടൊപ്പംതന്നെ ട്രൈ പാർട്ടി എഗ്രിമെന്റുണ്ടാക്കിയതിനകത്തുള്ള ക്ലോസ്. സംസ്ഥാനത്തിലെയും

കേന്ദ്രത്തിലെയും എല്ലാ നിയമങ്ങളും ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോൺട്രാക്ടുകൾക്ക് ബാധകമാണെന്ന് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു ബാധകമല്ലെന്ന്.

മി. സ്പീക്കർ : അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കേരള ചരിത്രത്തിൽ ഇതുപോലെയൊരു ക്രമക്കേടും അഴിമതിയും ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: അങ്ങ് വീണ്ടും സ്റ്റേറ്റ്മെന്റ് നടത്തുകയാണ്. അങ്ങ് വ്യക്തത വരുത്തേണ്ട ചോദ്യം ചോദിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ്, എൽ & റ്റി ഇന്ത്യ ലിമിറ്റഡ് പോലെയുള്ള കമ്പനികൾക്കുവേണ്ടി നടത്തിയിട്ടുള്ള ഒരു വൻ അഴിമതിയാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത് ഈ ഉത്തരവ് ബാധകമാണോ അല്ലയോ എന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി പറയട്ടേ. അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടേ.

മി. സ്പീക്കർ : ഇരിക്കൂ.... ഇരിക്കൂ....

ശ്രീ. എം. എം. മണി: സർ, ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവ്

എന്നുപറയുന്നത് പാലാരിവട്ടം പാലം നിർമ്മാണത്തിൽ വന്നതുപോലെയുള്ള പ്രശ്നത്തിനാണ്. അല്ലാതെ കെ.എസ്.ഇ.ബി.എൽ.ന് അല്ല. (.......ബഹളം.......)

മി. സ്പീക്കർ: നിങ്ങൾ കേൾക്കു, അദ്ദേഹം പറയട്ടേ. പറയുന്നത് കേൾക്കാനുള്ള ക്ഷമ കാണിക്കു.

ശ്രീ. എം. എം. മണി: സർ, ഒരു കാര്യം ഉറപ്പാണ്. കെ.എസ്.ഇ.ബി.എൽ.ന് ബാധകമായ ഉത്തരവ് ചീഫ് സെക്രട്ടറി തന്നാൽ അത് പാലിക്കാനുള്ള ബാധ്യത ഞങ്ങൾക്കുണ്ട്. പക്ഷേ കെ.എസ്.ഇ.ബി.എൽ.ന് ബാധകമായ ഒന്നും ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവിലില്ല. ഓർഡർ തന്നിട്ടില്ല. പിന്നെ പാലിക്കാനുള്ള ബാധ്യത ഞങ്ങൾക്കെന്താണ്?

മി. സ്പീക്കർ : ഗവൺമെന്റിന്റെ പൊസിഷൻ അദ്ദേഹം പറഞ്ഞു.

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗിച്ച് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിന്റെ ജാള്യത മറയ്ക്കാൻ ശ്രമിക്കാതെ, അഴിമതിയുണ്ടെങ്കിൽ ഉത്തരവാദിത്വപൂർവ്വം ആണത്വത്തോടുകൂടി രേഖാമൂലം പരാതി ഉന്നയിക്കണം. അതാണ് ചെയ്യേണ്ടത്. അല്ലാതെ ഒരുമാതിരി ആളെ കൂകിയിരുത്തുന്ന പണിയൊന്നും

ഞങ്ങളുടെ അടുത്ത് നടക്കുകയില്ല. അങ്ങ് ഉന്നയിച്ചത് രേഖാമൂലം എഴുതി തന്നാൽ അന്വേഷിക്കാം. (.......ബഹളം.......)

മി. സ്പീക്കർ: നിങ്ങൾ ഇരിക്കു. ശ്രീ. പി. കെ. ബഷീർ, ശ്രീ. പി. ഉബൈദുള്ള നിങ്ങൾ ഇരിക്കു.

ശ്രീ. പി. വി. അൻവർ: സർ, കഴിഞ്ഞുപോയ രണ്ട് വർഷങ്ങളിൽ പ്രളയം ഏറ്റവും കൂടുതൽ കെടുതിയുണ്ടാക്കിയ സംസ്ഥാനമാണ് കേരളം. അതിലേറ്റവും കൂടുതൽ കെടുതിയുണ്ടായ നിലമ്പൂരിലാണ്. ഈ വർഷത്തെ കെടുതിയിൽ നിലമ്പൂരിലെ വൈദ്യുതി ലൈനുകൾ പരിപൂർണ്ണമായി തകർക്കപ്പെട്ടു. ഇരുപത്തിയെട്ടോളം ട്രാൻസ്ഫോർമറുകൾ നിലമ്പൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ മണ്ണിടിച്ചിലിൽ കാണാതെയായി. ആ സമയത്ത് ബഹുമാനപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ടപ്പോൾ, മുപ്പത് ട്രാൻസ്ഫോർമറുകൾ ആ ആഴ്ച തന്നെ നിലമ്പൂലിലേയ്ക്ക് അയച്ചുതന്നതിന് അദ്ദേഹത്തെ ആദ്യമായി ഞാൻ അഭിനന്ദിക്കുകയാണ്.

കഴിഞ്ഞ പ്രളയത്തിൽ നിലമ്പൂരിലെ ആഢ്യൻപാറ പദ്ധതി ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് വന്ന് സന്ദർശിച്ചതാണ്. ഈ വർഷം മണ്ണിടിഞ്ഞതുകൊണ്ട് അവിടെ പ്രസരണത്തിൽ ചില പ്രയാസങ്ങളുണ്ടായിട്ടുണ്ട്. ഈ പ്രൊഡക്ഷൻ സെന്ററിൽ പ്രൊട്ടക്ഷൻ വാൾ

ഏർപ്പാടാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. അതിനുവേണ്ടി എന്തെങ്കിലും നടപടികൾ അങ്ങ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. എം. മണി: സർ, ആഡ്യൻപാറ പദ്ധതിയുടെ കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി അനുസരിച്ച് ആഭ്യന്തര ഉല്പാദനം 30 ശതമാനം മാത്രമാണ്. 70 ശതമാനം വൈദ്യുതി നമ്മൾ മറ്റ് മേഖലയിൽ നിന്നും വാങ്ങുകയാണ്. പ്രസരണ നഷ്ടമില്ലാതെ വൈദ്യുതി വാങ്ങാൻ കഴിയുമെന്നും അങ്ങിവിടെ പറയുകയുണ്ടായി. ആ നിലയ്ക്ക് 5,000 കോടി രൂപ കിഫ്ബി വഴിയെടുത്ത് അതിന്റെ പലിശയുൾപ്പെടെ കണക്കാക്കി നമുക്കുണ്ടാകാൻ പോകുന്ന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കിഫ്ബി വഴിയുള്ള വർക്കിനേക്കാൾ ലാഭം 70 ശതമാനം വൈദ്യുതി പ്രസരണ നഷ്ടമില്ലാതെ വാങ്ങുന്നതല്ലേ; ഇത് രണ്ടും ടാലി ചെയ്ത് ലാഭം ഏതാണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം. എം. മണി: സർ, നൂറ് ശതമാനം വൈദ്യുതിയും ഇവിടെ ഉല്പാദിപ്പിക്കണം, ജനങ്ങളുടെയും സമൂഹത്തിന്റെയും ആവശ്യമെല്ലാം നിറവേറ്റണം എന്നീ കാര്യങ്ങളിൽ നമുക്കാർക്കും തർക്കമുണ്ടാകാൻ വഴിയില്ല.

എന്നാൽ അത് വാങ്ങാൻ എന്താണ് മാർഗ്ഗമെന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള പ്രശ്നം. ഒന്ന്, ഇവിടെയുള്ള ഉല്പാദനം 30 ശതമാനമേയുള്ളൂ. രണ്ട്, 70 ശതമാനം നമ്മൾ വിവിധ കരാറുകളിൽക്കൂടി വാങ്ങണം. ഇതല്ലാതെ വേറെ വഴിയില്ല. അങ്ങനെ വാങ്ങിച്ചുകൊണ്ട് വരുന്ന വൈദ്യുതി നൂറ് ശതമാനവും സംസ്ഥാനത്തെ ജനങ്ങൾക്ക് എത്തിക്കണമെങ്കിൽ വിതരണരംഗം സുതാര്യമാകണം. എല്ലാ ജനവിഭാഗങ്ങൾക്കും ഗുണനിലവാരമുള്ള വൈദ്യുതി തടസ്സമില്ലാതെ എത്തിക്കാൻ കഴിയണം. അതിന് പരമ്പരാഗതമായി തുടരുന്ന വിതരണ സമ്പ്രദായംകൊണ്ട് കഴിയില്ല. അതുകൊണ്ടാണ് ഈ രംഗത്ത് ട്രാൻസ്ഗ്രിഡ് പദ്ധതി 10,000 കോടി രൂപയുടെ ലക്ഷ്യമിടുന്നത്. പതിനായിരം കോടി രൂപയും അതിന്റെ പലിശയും നോക്കി കാര്യങ്ങൾ നിർണ്ണയിച്ചാൽ നമുക്ക് സാമൂഹ്യാവശ്യങ്ങൾക്ക് നിറവേറ്റാൻ കഴിയാതെ വരും. സംസ്ഥാനം വലിയ പ്രതിസന്ധിയിൽ എത്തുമെന്നാണ് കരുതുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടത്തെ ചർച്ചയിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഇന്നൊവേഷനും അതിന്റെ സാധ്യതകളെയും കുറിച്ച് ഒരു ധാരണ സഭയിൽ വേണ്ടത്ര ഇല്ലെന്നുള്ളതാണ്. പറഞ്ഞതുപോലെ, നമുക്കിനി പുറത്തുനിന്ന് വൈദ്യുതി വാങ്ങിയേ മതിയാകൂ. ട്രാൻസ്മിഷനുവേണ്ടി

ലൈനുകൾ ഉണ്ടാകും. 2000 കെ.വി. ഡി.സി. മാടക്കത്തറ വരെ എത്തിക്കാം. അവിടെനിന്ന് കേരളത്തിലെ മറ്റ് സ്ഥലങ്ങളിൽ എത്തിക്കണമെങ്കിൽ നമുക്ക് 400 കെ.വി. ലൈൻ വേണം. എന്നാൽ ഇത്രയും നീളത്തിൽ ഭൂമി ഏറ്റെടുക്കുക അസാദ്ധ്യമാണ്. അതുകൊണ്ട് ഇതിന്റെ ഒരു പണിയും നടന്നിരുന്നില്ല. ഇപ്പോൾ ട്രാൻസ്ഗ്രിഡ് ടൂൾ ചെയ്യുന്നത് നിലവിലുള്ള 220 കെ.വി.യുടെ മുകളിലൂടെ 400 കെ.വി. ലൈൻ വലിക്കുന്നതിനുള്ള ഇന്നൊവേഷനാണ്. ഭൂമി ഏറ്റെടുക്കുന്ന ചെലവിൽ 5,000 കോടി രൂപയെങ്കിലും ലാഭമായി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, ഇതിന്റെ ഇന്നൊവേറ്റി സ്വഭാവംമൂലം കേന്ദ്രസർക്കാർ 400 കോടി രൂപ ഗ്രാന്റായി തന്നിരിക്കുകയാണ്. ഇങ്ങനെയുള്ള ഒരു പദ്ധതിയുടെ അധിക ചെലവും കാര്യങ്ങളും സംബന്ധിച്ചാണ് ഇന്നിവിടെ വിവാദം ഉണ്ടാക്കുന്നത്.

<u>വിനോദസഞ്ചാര മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം</u>

(*32) <u>ശ്രീ. യു. ആർ. പ്രദീപ്;</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി;</u>
<u>ശ്രീ. ഒ. ആർ. കേളു;</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യക്ഷമായും പരോക്ഷമായും പതിനഞ്ച് ലക്ഷത്തോളം പേർ

തൊഴിലിനായി ആശ്രയിക്കുന്ന വിനോദസഞ്ചാര മേഖലയിൽ സംരംഭകരായും വിവിധ സേവനങ്ങൾ നൽകുന്നവരായും സ്ത്രീകൾക്കുകൂടി പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി)ഉത്തരവാദിത്വ ടൂറിസം മിഷൻ ആവിഷ്കരിച്ചിട്ടുള്ള 'എക്സ്പീരിയൻസ് എത്നിക് കുസിൻ' പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) വിനോദസഞ്ചാര വികസനത്തിന്റെ സദ്ഫലങ്ങൾ സമ്പന്നരിൽ കേന്ദ്രീകരിക്കാതെ പ്രദേശവാസികളിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ;

(ഡി) വിനോദസഞ്ചാര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ,

(എ) സംസ്ഥാന ടൂറിസം മേഖലയിൽ വിവിധ സേവനങ്ങൾ നൽകുന്നതിനും സംരംഭ മേഖലയിൽ സംരംഭകരായവരടക്കം വിവിധ

സേവനങ്ങൾ നൽകുന്നതിനും ഉത്തരവാദിത്വ ടൂറിസം മിഷൻ (ആർ.റ്റി.മിഷൻ), കുടുംബശ്രീ മിഷൻ എന്നിവ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. (....ബഹളം....)

മി. സ്പീക്കർ: പ്ലീസ് ഇരിക്കു.........ഇരിക്കു......പ്ലീസ്....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാന വിനോദസഞ്ചാര വകുപ്പിനുകീഴിൽ 2017 ജൂൺ മാസത്തിൽ രൂപീകൃതമായ ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് വിനോദസഞ്ചാര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടുള്ള സാധാരണക്കാരായ സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നുള്ളത്. ഇതിനായി പേപ്പർ ബാഗുകൾ, തുണി സഞ്ചികൾ, വിവിധ തരത്തിലുള്ള കരകൗശല വസ്തുക്കൾ, മുള, ഈറ എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ എന്നിങ്ങനെ പ്രത്യക്ഷമായോ പരോക്ഷമായോ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെടുത്താവുന്ന വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനങ്ങൾ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുവേണ്ട അടിസ്ഥാന പരിശീലനങ്ങൾ, കമ്മ്യൂണിറ്റി ടൂർ ലീഡർ ആയി പ്രവർത്തിക്കുന്നതിനുള്ള പരിശീലനം എന്നിങ്ങനെ വിവിധ പരിശീലനങ്ങൾ നടത്തി പരിശീലനം ലഭിച്ചവരെ ആർ.ടി. മിഷൻ

യൂണിറ്റുകളായി രജിസ്റ്റർ ചെയ്തുകൊണ്ട് ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വരുമാനം ലഭ്യമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. അതോടൊപ്പംതന്നെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്താവുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്ന സാധാരണക്കാരായ തിരുവാതിരക്കളി, നാടൻപാട്ട് എന്നിങ്ങനെ വിവിധ കലാപ്രവർത്തകർ, ഗ്രാമീണ ഭക്ഷണം ഉണ്ടാക്കി നൽകുന്നവർ തുടങ്ങിയവരെ കണ്ടെത്തുകയും അവർക്കുവേണ്ട അടിസ്ഥാന പരിശീലനങ്ങൾ നൽകി ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് അധിക വരുമാനം ഉറപ്പാക്കുകയും ചെയ്യുന്നു. നിലവിൽ 14 ജില്ലകളിലായി വിവിധ തരത്തിലുള്ള 16345 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 13567 (83%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്. മിഷൻ പ്രവർത്തനം ആരംഭിച്ചതിനുശേഷം 2017 ആഗസ്റ്റ് മാസം മുതൽ 2019 സെപ്റ്റംബർ വരെ 14.65 കോടി രൂപയുടെ വരുമാനം ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന യൂണിറ്റുകൾക്കുണ്ടായിട്ടുണ്ട്. ഇതിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് ലഭിച്ചിരിക്കുന്ന വരുമാനം ഏതാണ്ട് 11 കോടി രൂപയോളമാണ്. ടൂറിസം വകുപ്പിന്റെ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ പദ്ധതിയുടെ നടത്തിപ്പ്

കുടുംബശ്രീ മിഷൻ വോളന്റിയർ മുഖേനയാണ് 14 ജില്ലകളിലും നടന്നുവരുന്നത്. കൂടാതെ വിവിധ ഡെസ്റ്റിനേഷനുകളിലെ പല ടൂറിസം സ്റ്റാളുകളും മറ്റും കുടുംബശ്രീ മിഷൻ മുഖേന സ്ത്രീകളുടെ ചുമതലയിലാണ് നടത്തുന്നത്.

(ബി) കേരളത്തിന്റെ തനതു വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉറപ്പുവരുത്തുന്നതിനുമായി ആർ.ടി. മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ് 'എക്സ്പീരിയൻസ് എതിനിക് കുസിൻ'. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2012 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്കുള്ള പരിശീലനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കോഴിക്കോട് ജില്ലകളിൽ പരിശീലനം പൂർത്തിയായി. മറ്റു ജില്ലകളിലെ പരിശീലനങ്ങൾ നവംബർ 30-നകം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടൂറിസം മേഖലയുടെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക, ഗുണഫലങ്ങൾ പരമാവധി പ്രദേശവാസികൾക്ക് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ സർക്കാർ സംസ്ഥാന ടൂറിസം വകുപ്പിനുകീഴിൽ

ഉത്തരവാദിത്വ ടൂറിസം മിഷൻ രൂപീകരിച്ചത്. ടൂറിസത്തെ ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുകയെന്നുള്ളതാണ് ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം.

വിവിധ സംരംഭകരുടെ സഹകരണത്തോടെ പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുന്നതിലൂടെ തദ്ദേശീയ സമൂഹത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തുകയാണ് ആർ.ടി. മിഷൻ ചെയ്യുന്നത്.

എക്സ്പീരിയൻഷ്യൽ ടൂറിസം എന്നതാണ് ഉത്തരവാദിത്വ ടൂറിസത്തിന്റെ പ്രധാന ആകർഷണം. കേരളത്തിലെ തനതു ഗ്രാമീണ അന്തരീക്ഷം, ജീവിത രീതികൾ, ദൈനംദിന തൊഴിലുകൾ, പ്രാദേശികമായ കലാരൂപങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്ന വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ ഉത്തരവാദിത്വ ടൂറിസം മിഷൻ രൂപീകരിച്ചു നടത്തിവരുന്നു. ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വഴി പ്രാദേശിക സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവാദിത്വപൂർണ്ണമായ ഒരു ടൂറിസം സംസ്കാരം കേരളത്തിൽ വളർത്തിയെടുക്കുവാൻ സാധിക്കുന്നുണ്ട്. മിഷന്റെ പ്രധാനപ്പെട്ട

മറ്റ് പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- അവബോധ ശില്പശാലകൾ
- പരിശീലനങ്ങൾ
- യൂണിറ്റുകൾ രൂപീകരണവും അവയുടെ നെറ്റ്‌വർക്കിംഗും
- പ്രാദേശിക ടൂർ പാക്കേജുകൾ
- 'പെപ്പർ' പദ്ധതി
- പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ, പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുവാനായി വിശേഷാൽ ഗ്രാമ സഭകൾ
- വിനോദസഞ്ചാര വിഭവ ഭൂപടം തയ്യാറാക്കൽ
- ഉത്സവകാല ടൂറിസം പദ്ധതികൾ
- ടൂറിസം മേഖലയിൽ പാരിസ്ഥിതിക പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ
- കേരള സംസ്കാരത്തിന്റെ ഭാഗമായ നാടൻ കലാരൂപങ്ങൾ, കൈത്തൊഴിലുകൾ, കരകൗശല നിർമ്മാണ പ്രവർത്തനങ്ങൾ, നാടൻ

ഭക്ഷണ വിഭവങ്ങൾ എന്നിവ ടൂറിസത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

പ്രാദേശിക തലത്തിലും ദേശീയ/അന്തർദേശീയ തലത്തിലും ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുകയും അവയ്ക്ക് നിരവധി അംഗീകാരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വൃത്തിയും ശുചിത്വവുമുള്ള പരിസരം, അന്തർദേശീയ നിലവാരത്തിലുള്ള ടോയ്‌ലെറ്റുകൾ, ശുദ്ധജല ലഭ്യത, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക സജ്ജീകരണങ്ങൾ, മാലിന്യനിർമാർജ്ജനത്തിനുള്ള പദ്ധതികൾ, പാർക്കുകൾ, ടോയ്‌ലെറ്റ്, കോംപ്ലക്സുകൾ, കഫറ്റീരിയ, മനോഹരമായ നടപ്പാതകൾ, ഫെസിലിറ്റേഷൻ സെന്റർ, കുട്ടികളുടെ പാർക്ക്, വിശ്രമസ്ഥലങ്ങൾ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സൗന്ദര്യവൽക്കരണം, ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട ലാസ്റ്റ് മൈൽ കണക്ടിവിറ്റി റോഡുകളുടെ നവീകരണം എന്നിവ നടപ്പിലാക്കിവരുന്നു. സാഹസിക വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി അഡ്വഞ്ചർ ടൂറിസം പദ്ധതി, കായൽ

ടൂറിസം, വികസനത്തിനായുള്ള ബോട്ടുകൾ, കയാക്കിംഗ് സൗകര്യം, മറ്റു ജല വിനോദ സൗകര്യങ്ങൾ എന്നിവയും ആവിഷ്കരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള "ബാരിയർ ഫ്രീ ടൂറിസം പദ്ധതി" നടപ്പിലാക്കി വരികയാണ്. ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനായുള്ള വിവിധ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പത്തിന അജണ്ടയിൽ അധിഷ്ഠിതമായ "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 520-ഓളം പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

ഇതുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി ടൂറിസം വകുപ്പ് വിവിധ മേഖലകളിൽ, ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)

- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- "ഗ്രീൻ കാർപ്പറ്റ് സ്കീം"
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്വ ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്രവികസന പദ്ധതി

- തലശ്ശേരി പൈതൃക പദ്ധതിക്കായി മാസ്റ്റർപ്ലാൻ.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, കേരളത്തിൽ വലിയ രണ്ട് പ്രളയങ്ങളുണ്ടായപ്പോൾ ടൂറിസം രംഗം തകർന്നുപോയി എന്നാണ് പലരും പറഞ്ഞത്. എന്നാൽ അതിനെയെല്ലാം മറികടന്ന് കേരളത്തിലെ സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും നല്ല മുന്നേറ്റമാണ് ആ രംഗത്ത് ഉണ്ടാക്കിയത്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. തിരുവനന്തപുരത്തെ ബാലരാമപുരം മുണ്ട് പോലെ വളരെ പേരുകേട്ട ഒരു കൈത്തറി മുണ്ടാണ് എന്റെ മണ്ഡലത്തിലെ കുത്താമ്പുള്ളി മുണ്ടും സാരിയും. അവിടെ വനിതകളടങ്ങുന്ന നിരവധി ചെറിയ യൂണിറ്റുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവർക്ക് വേണ്ടത്ര മാർക്കറ്റിംഗ് ഇല്ലാത്തതുകൊണ്ട് അവരെ സഹായിക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ട്. അതിനെ ഉത്തരവാദിത്വ ടൂറിസത്തിൽ ഉൾപ്പെടുത്തി അവർക്ക് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കിക്കൊടുക്കാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അത് പരിശോധിച്ച് നടപ്പിലാക്കാവുന്നതാണ്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, തൃശ്ശൂർ ജില്ലയിലെ കേരള കലാമണ്ഡലം,

സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, നിരവധി സാംസ്കാരിക നായകൻമാരുടെ പേരുള്ള സാംസ്കാരിക മന്ദിരങ്ങൾ എന്നിവയെ ഉൾപ്പെടുത്തി ടൂറിസം പാക്കേജ് കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യം ആലോചിച്ചിട്ടില്ല. ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കേരള ടൂറിസം മേഖലയെ വലിയ ഉണർവിലെത്തിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും മന്ത്രിയേയും അഭിനന്ദിക്കുകയാണ്. ഇന്ന് കേരളത്തിലാകെ ടൂറിസം മേഖലയിൽ വലിയ ഉണർവാണുണ്ടായിട്ടുള്ളത്. വിനോദ സഞ്ചാരത്തിന് എത്തുന്ന സഞ്ചാരികൾക്ക് സ്വാദിഷ്ട ഭക്ഷണം, ഹോംസ്റ്റേ തുടങ്ങിയവ വഴി തദ്ദേശവാസികൾക്ക് വലിയ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാലുശ്ശേരി മണ്ഡലത്തിൽ രണ്ട് ടൂറിസം കേന്ദ്രങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തതോടുകൂടി അവിടെ സഞ്ചാരികൾ വന്നുതുടങ്ങി. പ്രവർത്തനം തുടങ്ങിയതേയുള്ളൂ. സഞ്ചാരികൾ എത്തിത്തുടങ്ങിയപ്പോൾ അവിടെ മോര് തുടങ്ങിയ ചെറിയചെറിയ ഉല്പന്നങ്ങൾ വിൽക്കുന്ന തദ്ദേശവാസികൾക്ക് വലിയ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്നുണ്ട്.

മി. സ്പീക്കർ: മോര് വിൽക്കുമ്പോൾ വലിയ സംഖ്യ കിട്ടുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വലിയ സംഖ്യ കിട്ടുന്നുണ്ട്. ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനം വിശദമാക്കാമോ; അതിൽ വനിതാ സൊസൈറ്റികൾക്ക് സാദ്ധ്യത ഉണ്ടോയെന്നുകൂടി വിശദമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിന് ലഭ്യമാക്കുക, ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക തുടങ്ങിയവയാണ് ഉത്തരവാദിത്വ ടൂറിസം മിഷന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. 2008-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അംഗമായ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് ഈ മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. 2017-ൽ പിണറായി സർക്കാരിന്റെ കാലത്താണ് മിഷൻ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടക്കുന്നത്. 16,345 യൂണിറ്റുകളാണ് ഇപ്പോൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നത്. ഇതിലൂടെ 30,549 പേർക്ക് നേരിട്ടും 59,763 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു എന്നതാണ് കണക്ക്. കഴിഞ്ഞ സാമ്പത്തികവർഷം 14.65 കോടി രൂപയുടെ വരുമാനം ലഭ്യമാക്കാനേ സാധിച്ചിട്ടുള്ളൂ. പൊതുവേ നല്ലനിലയിൽ സംസ്ഥാനത്ത്

പ്രവർത്തിക്കുന്ന മിഷന് സാർവ്വദേശീയമായും ദേശീയവുമായിട്ടുള്ള നിരവധി അംഗീകാരങ്ങളും ലഭ്യമായിട്ടുണ്ട്. പ്രധാനപ്പെട്ട പ്രവർത്തനങ്ങളായി ഗ്രാമീണ ടൂർ പാക്കേജുകൾ നടത്തിവരുന്നുണ്ട്. കേരളത്തിലെ മനോഹരമായ ഗ്രാമങ്ങൾ കാണുന്നതിനും അത് ആസ്വദിക്കുന്നതിനുമായി എത്തിച്ചേരുന്ന സഞ്ചാരികൾക്ക് പ്രത്യേകമായ ടൂർ പാക്കേജുകൾ നടത്തുന്നുണ്ട്. യൂണിറ്റുകൾ നെറ്റ്‌വർക്ക് ചെയ്യുന്നതിനായി മൂന്ന് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ തയ്യാറാക്കിയതിലൂടെയാണ് അവർക്ക് തൊഴിലും വരുമാനവും ലഭിക്കുന്നത്. അതുപോലെ ഭിന്നശേഷി സൗഹൃദ ടൂറിസം പ്രവർത്തനങ്ങളെ ആർ.ടി. മിഷൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനം അങ്ങനെയായി മാറുകയാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങളെ ആർ.ടി. മിഷൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ പരിസ്ഥിതി സൗഹൃദമാക്കി മാറ്റുന്നുണ്ട്. മുഖ്യമായും സ്ത്രീകൾക്കിടയിൽ വിവിധതരത്തിലുള്ള പരിശീലനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടത്തിവരുന്നുണ്ട്. അവരെ തുണിസഞ്ചി നിർമ്മാണം, പേപ്പർ ബാഗുകൾ, വിവിധതരത്തിലുള്ള കരകൗശല വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണം പരിശീലിപ്പിക്കുകയാണ്. സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം കൊടുക്കുന്നത്. ഓണക്കാലത്ത് ആർ.ടി.

മിഷൻ കേരളത്തിലെ തനത് ഭക്ഷണം ആസ്വദിക്കാനായി "നാട്ടിൻപുറങ്ങളിൽ ഓണം ഉണ്ണാം" എന്നൊരു പദ്ധതി നടപ്പിലാക്കി. അത് വിജയകരമായി നടത്താൻ സാധിക്കുന്നുണ്ട്. ഗ്രാമീണ ഭക്ഷണരീതി ആസ്വദിക്കാൻ പ്രത്യേകമായ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലാണ്. 83 ശതമാനം യൂണിറ്റുകളും സ്ത്രീകൾതന്നെയാണ് നടത്തുന്നത്. വരുമാനത്തിന്റെ 80 ശതമാനവും നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്ക് ലഭിക്കുന്ന വലിയ പദ്ധതിയാണ്. കലാരംഗത്ത് താൽപ്പര്യമുള്ള സ്ത്രീകൾക്ക് വിനോദസഞ്ചാരികൾക്ക് മുമ്പാകെ നാടൻകലകൾ അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ള അവസരം ഒരുക്കുന്നുണ്ട്. അതുപോലെ സ്ത്രീകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ വഴി നാടൻ ഭക്ഷണം വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുന്നുണ്ട്. സ്ത്രീകൾ ഏർപ്പെടുന്ന ഓല മെടച്ചിൽ, കയർപിരിപോലുള്ള ഗ്രാമീണ തൊഴിലുകൾ ആസ്വദിക്കാനുള്ള അവസരം വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇവയുടെ വിപണനംമൂലവും കൂടുതൽ തൊഴിലും വരുമാനവും ലഭിക്കുന്നുണ്ട്. ഉപഭോക്താവും ഉൽപ്പാദകനും തമ്മിൽ നേരിട്ട് ബന്ധപ്പെടാനുള്ള അവസരമൊരുക്കുന്നതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും ഈ രംഗത്ത് സാധിക്കുന്നുണ്ട്. അങ്ങനെ ഒരു മഹത്തായ യജ്ഞമാണ്

കേരളത്തിൽ ആർ.ടി. മിഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി സാർവ്വദേശീയ അടിസ്ഥാനത്തിലും ദേശീയ അടിസ്ഥാനത്തിലും നിരവധി പുരസ്കാരങ്ങൾ നമുക്ക് കഴിഞ്ഞവർഷം നേടാൻ സാധിച്ചു.

ശ്രീ. ഒ. ആർ. കേളു: സർ, വയനാട്ടിൽ ഇപ്പോൾ നിലവിൽ വന്നിട്ടുള്ള രാത്രികാല നിരോധനവും തുടർച്ചയായി വന്നിട്ടുള്ള പ്രകൃതി ദുരന്തവും അവിടത്തെ ടൂറിസം മേഖലയെ വല്ലാത്ത രീതിയിൽ ബാധിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ വയനാട് ജില്ലയിലെ ജനങ്ങളുടെ ജീവിത സൂചിക വളരെ പുറകോട്ട് പോയിരിക്കുകയാണ്. ഈ അവസരത്തിൽ വയനാട്ടിലെ ഉത്തരവാദിത്വ ടൂറിസം കൂടുതൽ പരിപോഷിപ്പിക്കാനുള്ള നടപടി ഉണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വയനാട് ജില്ലയ്ക്ക് പ്രത്യേക പ്രാമുഖ്യം കൊടുത്തുകൊണ്ടാണ് ആർ.ടി. മിഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കേരളത്തിലെ വിനോദസഞ്ചാര മേഖല സാമ്പത്തിക രംഗത്ത് വലിയ മാറ്റമാണുണ്ടാക്കാൻ പോകുന്നതെന്ന് നമുക്ക് എല്ലാവർക്കും അറിയാം. അങ്ങനെയുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് ഈ വകുപ്പ്

സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; എന്റെ മണ്ഡലത്തിലാണ് കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖലയായ ബേക്കൽകോട്ട. അവിടെ ഗവൺമെന്റ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഒരുപാട് കാര്യങ്ങൾ നിർവ്വഹിച്ചു. എന്നാൽ അതൊക്കെ നടത്തിപ്പിക്കുന്നതിനുള്ള നടപടിക്രമം പഴയതുപോലെ തുടരുന്നില്ലായെന്നുള്ള ഒരു ആക്ഷേപമുണ്ട്. അത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ കാര്യം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇത്തരം നടപടിയുമായി മുന്നോട്ടുപോകുന്ന അവസരത്തിലാണ് നമ്മുടെ നാട്ടിൽ നോട്ട് നിരോധനവും ജി.എസ്.ടി.-യും നിലവിൽ വന്നത്. അത് ഈ മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നും അതിന് പരിഹാരം കാണുന്നതിന് ഈ ഗവൺമെന്റ് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നുകൂടി വിശദീകരിക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ആർ.ടി. മിഷന്റെ പ്രവർത്തനങ്ങൾക്കുപരിയായി വിവിധ പുതിയ പദ്ധതികൾ സംസ്ഥാനത്തെ ടൂറിസം രംഗത്ത് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് ടൂറിസം വകുപ്പ് ആരംഭിച്ച 'ചാമ്പ്യൻസ് ബോട്ട് ലീഗ്' വലിയ തോതിലാണ് ജനങ്ങളെ ആകർഷിച്ചുവരുന്നത്. ഐ.പി.എൽ. (ഇൻഡ്യൻ പ്രീമിയം ലീഗ്)

മാതൃകയിൽ ഈ വള്ളംകളി, 'ചാമ്പ്യൻസ് ബോട്ട് ലീഗ്' എന്ന പേരിൽ 12 കേന്ദ്രങ്ങളിലായി 12 വള്ളംകളി മത്സരങ്ങൾ ലീഗ് അടിസ്ഥാനത്തിൽ നടന്നുവരികയാണ്. ഇപ്പോൾ 8 കേന്ദ്രങ്ങളിൽ അത് നടന്നുകഴിഞ്ഞു. ഏകദേശം 15 ലക്ഷത്തോളം ആൾക്കാർ വള്ളംകളി കണ്ടതായാണ് കണക്കാക്കുന്നത്. ആദ്യമായാണ് ഇത്തരം ഒരു സംരംഭം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. അതുപോലെ നിന്നുപോയ മുസരിസ്, തലശ്ശേരി, ആലപ്പുഴ തുടങ്ങി മൂന്ന് പുതിയ പൈതൃക സംരക്ഷണ പദ്ധതികൾ സംസ്ഥാനത്ത് ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തിരുവനന്തപുരത്തിന്റെ പൈതൃക സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ആ രൂപത്തിൽ പുതിയ പ്രോജക്ടുകൾ കൊണ്ടുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ബി.ആർ.ടി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)യുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നുണ്ട്. അവിടെ ബേക്കൽ കൾച്ചർ സെന്റർ (ഇന്റർനാഷണൽ ലേണിംഗ് സെന്റർ) തുടങ്ങുന്നതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ബേക്കലിലെ സൗത്ത് ബീച്ച് പാർക്കിന്റെ ഏഴേക്കർ സ്ഥലത്ത് നിർമ്മാണം

പൂർത്തീകരിച്ചു. ഇവിടെ ഇവന്റ് ഡെസ്റ്റിനേഷനായി പ്രവർത്തിപ്പിക്കുവാനും സന്ദർശകർക്കും വിനോദസഞ്ചാരികൾക്കും നവ്യാനുഭവം നൽകുന്നതിനുമുള്ള പദ്ധതികൾ അതിന്റെ അവസാന ഘട്ടത്തിലാണ്. ഉത്തര മലബാറിൽ 'ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ' എന്നൊരു മെഗാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടക്കുകയാണ്. 'മലബാർ റിവർ ക്രൂയിസ് പദ്ധതി' തുടങ്ങിയ പദ്ധതികളും ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബി.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾ റിവ്യൂ നടത്തി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, വിനോദസഞ്ചാര മേഖലയിൽ ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരുടെ ജോലി സ്ഥിരത, ആനുകൂല്യങ്ങൾ എന്നിവയെ സംബന്ധിച്ച് വ്യക്തതയുള്ള നയങ്ങൾ അനിവാര്യമാണ്. ഈ രംഗത്ത് സ്ത്രീകൾ ധാരാളം ചൂഷണം ചെയ്യപ്പെടുന്നുണ്ട്. എന്റെ മണ്ഡലത്തിലെ കാക്കത്തുരുത്ത്, പെരുമ്പളമടക്കമുള്ള ദ്വീപുകൾ ടൂറിസത്തെ കൂടുതൽ ആകർഷിക്കുന്ന പ്രദേശങ്ങളാണ്. ഹൗസ്ബോട്ട് ടൂറിസം ലോകപ്രശസ്തമാണല്ലോ; അരൂർ മണ്ഡലത്തിന്റെ എല്ലാ മേഖലകളെയും ഇതുമായി ബന്ധിപ്പിക്കാൻ സാധിക്കും. അരൂർ

മണ്ഡലത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് കായൽ ടൂറിസത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുകയും വനിതകൾക്ക് കൂടുതൽ തൊഴിലവസരം നൽകുകയും ചെയ്യുന്ന പുത്തൻ പദ്ധതികൾ ആവിഷ്കരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആലപ്പുഴ ജില്ലയുടെ കാര്യം പരിശോധിക്കാം. കായൽ ടൂറിസമാണ് ആലപ്പുഴയുടെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം അട്രാക്ഷൻ എന്നുപറയുന്നത്. അത് അരൂരിൽ എങ്ങനെയാണ് സാദ്ധ്യമാക്കുക എന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. വി. കെ. പ്രശാന്ത്: സർ, വിനോദസഞ്ചാര മേഖലയിൽ കേരള ഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പ്രത്യേകിച്ച് തിരുവനന്തപുരത്തിന് ഒരു പ്രാധാന്യം ഈ കാലയളവിൽ ലഭിച്ചിട്ടുമുണ്ട്. ടൂറിസം മേഖലയിൽ ആവശ്യമായ ഗൈഡുകളുടെ അഭാവം നിലവിലുണ്ട്. പുതിയ ചെറുപ്പക്കാർക്ക് അവസരം ലഭിക്കുന്ന തരത്തിൽ പുതിയ ഗൈഡുകളെ നിയോഗിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പുതിയ ഗൈഡുകളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള വലിയ പ്രോജക്ടുകൾ തയ്യാറാക്കിയത് ഘട്ടംഘട്ടമായി പുറത്തിറങ്ങിക്കൊണ്ടിരിക്കുകയാണ്. നിശ്ചയമായും പുതിയ

ഗൈഡുകളെ ആവശ്യമാണ്. അതിന് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് ജില്ലയിൽ ഏതാണ്ട് പതിനെട്ടോളം ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. ഇവിടെ ശ്രീ. ഒ. ആർ. കേളു സൂചിപ്പിച്ചതുപോലെ തുടർച്ചയായുണ്ടായ പ്രളയക്കെടുതിയിൽ റോഡുകളും പാലങ്ങളുമൊക്കെ തകർന്നിട്ടുണ്ട്. ഇതിനെയൊക്കെ കൂട്ടിയോജിപ്പിച്ചുകൊണ്ട് വയനാട് ജില്ലയ്ക്കുവേണ്ടി ടൂറിസം മേഖലയിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വയനാട് ജില്ലയെക്കൂടി ഉൾപ്പെടുത്തിയാണ് 'തലശ്ശേരി പൈതൃക പദ്ധതി' സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്നത്. ആ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി വയനാടിന്റെ ടൂറിസം സാദ്ധ്യതകളെ കുറെക്കൂടി ശക്തിപ്പെടുത്താൻ നമുക്ക് സാധിക്കും. വയനാടിന് കൂടുതൽ പ്രാധാന്യം ഗവൺമെന്റ് കൊടുക്കുന്നുണ്ട്. വയനാടിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ എന്താണെന്ന് പരിശോധിക്കാവുന്നതാണ്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, സംസ്ഥാനത്ത് സ്ത്രീകളുടെ പങ്കാളിത്തം ടൂറിസം മേഖലയിൽ ഉറപ്പാക്കി അവർക്ക് പുതിയ വരുമാന

മാർഗ്ഗങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ആദ്യമേ അഭിനന്ദനവും നന്ദിയുമറിയിക്കുകയാണ്. ഭിന്നശേഷിക്കാരെ സംബന്ധിച്ചുള്ളതാണ് എന്റെ ചോദ്യം, ടൂറിസം മേഖല ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചതിൽ ഒരുപാട് സന്തോഷമുണ്ട്. സംസ്ഥാനത്ത് വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്ക് പ്രത്യേക പാർക്കിംഗ്, വീൽച്ചെയറുകൾ പോകുവാൻ റാമ്പുകൾ, പ്രത്യേക ശുചിമുറികൾ ടൂറിസം കേന്ദ്രങ്ങളുടെ സ്വാഭാവമനുസരിച്ച് അവർക്ക് പ്രത്യേക ഇടങ്ങൾ എന്നിവ ആവശ്യമാണ്. ഈ പദ്ധതിയുടെ പുരോഗതി ഏത് ഘട്ടത്തിലാണ്; അത് ഏതൊക്കെ കേന്ദ്രങ്ങളിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, 2021-ഓടെ നമ്മുടെ സംസ്ഥാനത്തെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമാക്കുക എന്ന ലക്ഷ്യമാണ് സർക്കാരിന്റെ മുന്നിലുള്ളത്. അതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷക്കാലമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 120 കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കാൻ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കുകയുണ്ടായി, അതിൽ 98 കേന്ദ്രങ്ങളെ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കി മാറ്റിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച എല്ലാ അടിസ്ഥാന സൗകര്യങ്ങളും ആ കേന്ദ്രങ്ങളിലെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ടൂറിസം കേന്ദ്രങ്ങളുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. ഇതുകൂടാതെ ഭിന്നശേഷിയുള്ളവർക്കായി പ്രത്യേകം ടൂറിസം പാക്കേജുകളും ഉത്തരവാദിത്വ ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

<u>മി.സ്പീക്കർ:</u> ഓർഡർ....ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)